Registered No. M-4485

Madras War Review { MALAYALAM 28-1-1944

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിന്റെ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III] 1944 ജനുവരി 28-ാംനു, വെള്ളിയാഴ്ച [ലക്കം 21

## ഏതു് സംഭവവും നമ്മെ ലക്ഷ്യത്തിൽനിന്നു് തെററിക്കയില്ല

☆

ജർമ്മനിയുടെ നേരെ നടക്കുന്ന യുദ്ധം ലോകത്തിലെ മററു് മഹായുദ്ധങ്ങളോടുപമിക്കാമെന്നു് തീർച്ചയാണു്. ജർമ്മനിയിൽ ഗൃഹജീവിതത്തിനുവന്ന നാശവും, ജർമ്മൻ ജനതയനുഭവിച്ചുവരുന്ന കഷ്ടതകളും ഒരിക്കലും ഞങ്ങൾക്കു് സന്തുഷ്ടിനല്കുന്ന സംഭവങ്ങളല്ല. ഈവിധം ആപത്തു് ഇംഗ്ലണ്ടിൽ വന്നപ്പോൾ ഹിററ്ലറും ഗ്ററിങ്ങും അത്യധികം സന്തോഷിച്ചിരുന്നുവെന്നു് ഞങ്ങൾക്കറിയാം. പുരവാസികളെ ഉപദ്രവിക്കാൻ ഞങ്ങൾക്കു് തീരെ ഇഷ്ടമില്ല. ഞങ്ങളുടെ ഉദ്ദേശം ജർമ്മൻകാരുടെ വ്യവസായ കേന്ദ്രങ്ങളും, ഗതാഗതസൌകര്യങ്ങളും നശിപ്പിക്കുകയാണു്; പ്രത്യേകിച്ചും യുദ്ധം നിലനിർത്തിപ്പോരുന്ന വ്യവസായശാലകളും ഗതാഗതങ്ങളുമെന്നു് പറയേണ്ടതില്ലല്ലൊ. ഈ ഉദ്ദേശത്തിൽനിന്നു് ഒരു ബിന്ദുപോലും ഞങ്ങൾക്കു് തെററുകയുമില്ല.

—സേർ ആർച്ചിബാൾഡ് സിങ്കളയർ, ബ്രിട്ടീഷ് വൈമാനിക മന്ത്രി,
ജനുവരി ൨൨-ാം തിയ്യതി

## വിഷയവിവരം


| | ഭാഗം |
|---|---|
| ഏതു സംഭവവും നമ്മെ ലക്ഷ്യത്തിൽ നിന്നു തെററിക്കയില്ല. .. .. | 1 |
| പടയാളികളോട് .. .. .. .. | 2 |
| പ്രതിവാര ചിന്തകൾ .. .. .. .. | 3, 4 |
| പ്രത്യേക ലേഖനങ്ങൾ : പ്രതിക്രിയ, ഇററലി, ലനിൻഗ്രാഡ് .. .. .. | 5, 6 |
| വടക്കൻ പാട്ടിലെ കേരളീയ തറവാട് .. | 7, 8 |
| കഥാപംക്തി : കൊട്ടങ്കാററ് .. .. | 9, 10 |
| വമ്പിച്ച പ്രശ്നങ്ങളും മഹാമഹങ്ങളും.. .. | 11 |
| 5,000 ക. ഇനാം .. .. .. .. | 12 |


# പടയാളികളോട്

(ശ്രീമാൻ കുറുവങ്ങാട്ട് കെ. ജി. പണിക്കർ)

ആനന്ദഭൈരവി— ആദി

(" ഭക്തി കൊണ്ടാടുവോം " എന്ന മട്ട്)

(പല്ലവി)

യുദ്ധം നാം ചെയ്യുവിൻ.

(പല്ലവി എടുപ്പ്)

1 സഖ്യയുദ്ധം നാം ചെയ്യുവിൻ
2 യുദ്ധം നാം ചെയ്യുവിൻ . . . .
സഖ്യയുദ്ധം, സത്യയുദ്ധം, കൃത്യയുദ്ധം
നാം ചെയ്യുവിൻ . . . . . . (യുദ്ധം)

(അനുപല്ലവി)

1 തെരുതെരെവരുമരിനിരവര-
മരിയണമുരുതരഖരവര (യുദ്ധം)

2 പരംപൂണ്ട്മദം, ഒരുങ്ങി
വരും ജാപ്പ്ജനം പ്രമഥിത (യുദ്ധം)

3 ഉലകിതിലലം ഗ്ഗുണം ഇണങ്ങും,
അവശത കുറഞ്ഞും
ചതുരത പെരുങ്ങും (യുദ്ധം)

4 ജമ്മൻ നാസിസ ജനതതി-
വിമ്മുംമാറിതി യുധിവിധി (യുദ്ധം)

5 ജാതമോദമോടാദരിച്ചു നാ-
മാദിഭാരത ശ്രീ വളത്തീടുക (യുദ്ധം)

6 ഗവ്വിതനായ ജമ്മ-
ന്റവ്വിയിലിന്നുഴന്നു. (യുദ്ധം)

7 വഞ്ചതിക്കുടില-
നെഞ്ചമാമഖില-
സഞ്ചയം തുലയു-
മഞ്ചിടേണ്ട, റിക (യുദ്ധം)

8 അടിയും ഫാസിസക്കൊടിയും ഭോഷവും
മുടിയുംഹിംസതാൻ വെടിയും ലോകവും (യുദ്ധം)

9 ബഹുധാ, വിക്ഷമത കരുതാതതിജവ
മടരാടുക നല (യുദ്ധം)

10 പോരാൽ നമ്മളാരാൽ പെരുകുംവേ
രാൽ മഹിമ (യുദ്ധം)

11 സംഘടിതാഹവസ്ഥിതി-
മംഗളമിണങ്ങിയാം ജഗതി (യുദ്ധം)

12 ഓരുമിതുകളുടനാരും പറയുമടർവാഴ്ത്തി
സഖ്യയുദ്ധകീർത്തി, നിസ്തുലം വളത്തി (യുദ്ധം)

(തൊഹറ)


ഉലക ക്ഷേമമാമതു
വിധിതരുമനുദിനവും
കൊട്ടും കഠോര ജാതിയാകെ
നശിക്കുകിൽ
വളരും മോദം
നമുക്കതേവേണ്ടു മൂഴിയിലിനിമേൽ.

(ചരണം)

നേരിൽ നീതിവേണ-
മേറും ജാതി പോണം,
കേറു മാധിനൂനം-
തീരെ വിട്ടിടേണം;
പോരിതിന്ന ; താണു-
പാരിലേവം വാണു,-
ഭൂരി സൌഖ്യം താനു-
മേറിക്കൂട്ടും ; പോണ-
മാരും സഖ്യസേന-
ചേരും ശക്തിതാനെ
പോരും മട്ടിതാണെ
പോർ ജയിക്കുവാനെ,
സാരമാഗ്ഗം ധേനു-
പാലനിതു താൻ കാൺമൂ.
ചാട്ടും വെടിയും യുധി,
കൂട്ടും ചൊടിയും, ഇരി-
നാം കരുതുക, പതി-
വാം പടിയുമ, ല്ലാതെ,-
ഉദ്ധതതപമോടടുക്കവേണ്ട നാം തീരെ,-
ഏറെ,
മാലതു വേറെ,-
പോരെ,
കൈ,-വെടിയേണ്ട സത്യം;
കൃത്യമൊത്തും,
ചെയ്യു നാം,-
യുദ്ധം ചെയ്യു നാം,-
അരിയോട്ടും,
തിരികെ നേട്ടും,
വിജയം, ഉട്ടും (യുദ്ധം നാം)

# പ്രതിവാരചിന്തകൾ

എന്താഹേ യുദ്ധസഞ്ചികയിലെന്താണ് ഇത്തവണ വായിക്കാനുള്ളത്? ഇത്തവണയെന്താണ് വിശേഷം? ഏതു തവണയും എന്താണുണ്ടാകാറ്? പ്രചാരവേലക്കുവേണ്ടി എഴുതിയുണ്ടാക്കുന്ന ചില നുണകളല്ലാതെ എന്തൊന്നാണതിലുണ്ടാകാൻ വഴി? ഇങ്ങിനെയുള്ള ചോദ്യോത്തരങ്ങൾ പല ദിക്കുകളിലുംവെച്ച് കേൾക്കുന്നു. ആളുകൾ അർത്ഥമില്ലാതെ സംസാ



ഇററലിയിൽ ഇന്ത്യൻ സൈന്യങ്ങൾ ചെന്നിറങ്ങി പരിസരങ്ങൾ മനസ്സിലാക്കുന്നതു്

രിക്കാനൊരുങ്ങിയിരിക്കയാണെങ്കിൽ അവരോടു യാതൊരു നിവൃത്തിയുമില്ല. അർത്ഥമില്ലാതെ സംസാരിക്കുന്നതു് അജ്ഞതകൊണ്ടാണെന്നവരികിൽ അവരറിവാനാണ് ഈ പറയുന്നതു്: യുദ്ധസഞ്ചിക പ്രചാരവേലക്കുള്ള ഒരു പത്രമാണെന്നു സമ്മതിക്കുന്നു; എന്നാൽ പ്രചാരവേല നുണ പറയുകയാണെന്നു പറഞ്ഞാൽ അതു സമ്മതിക്കാൻ ഭാവവുമില്ല. ലോകത്തിൽ മഹത്തായ ഏതു സാധനത്തിനും, ഏതു കാര്യത്തിനും, രണ്ടു ഭാഗങ്ങളുണ്ടു്. ഒന്ന് ഏററവും മഹത്തായിട്ടുള്ളതും, തേജസ്സോടും, സൌന്ദര്യത്തോടും, തന്മയത്വത്തോടും ഉള്ള ഭാഗം തന്നെ. ..തു ദൃഷ്ടിച്ചാലുള്ള സ്ഥിതിയാണ് മറുവശം. ഏതു കാര്യത്തിലും വാശിയും കൃത്യനിഷ്ഠയും ഉള്ള സ്വഭാവം ഒരാൾക്കുണ്ടെങ്കിൽ പ്രസ്തുത സ്വഭാവത്തെ എത്രയാണ് നാം സ്തുതിക്കാറ്! നേരെമറിച്ച് വേണ്ട കാര്യങ്ങളിലും, വേണ്ടാത്തതിലും നാം വാശിയും മക്കടമുഷ്ടിയും കാട്ടുകയാണെങ്കിൽ പ്രസ്തുത സ്വഭാവത്തെ ആരെങ്കിലും വിലവെക്കുമോ? ഇതുപോലെത്തന്നെയാണ് പ്രചാരവേലയും. ലോകത്തിൽ ഇന്നു കാണുന്ന മഹത്തായ മതസിദ്ധാന്തങ്ങളെല്ലാം പ്രചാരവേലകൊണ്ടല്ലെങ്കിൽ മറെറന്തുകൊണ്ടാണ് പരക്കുവാനിടയായതു്. ക്രിസ്തുമതം, ഇസ്ലാം, ബുദ്ധമതം, ഹിന്തുമതം ഇതെല്ലാം ലോകസമക്ഷം വന്നുചേൎന്നതു് പ്രചാരവേലകൊണ്ടല്ലേ? ഈ നിലക്കു് പ്രചാരവേലയെ സംബന്ധിച്ചേടത്തോളം അപവാദകരമായി യാതൊന്നുമില്ലെങ്കിലും, പൊതുജനഹൃദയത്തിൽ അരാജകബുദ്ധിയുളവാകേണമെന്നുവെച്ച് പ്രസംഗങ്ങൾചെയ്തും, പത്രങ്ങളിൽ ലേഖനങ്ങൾ എഴുതിയും ഒരാൾ പ്രചാരവേല ചെയ്യുന്നപക്ഷം അതു് സാധുവാകാൻ തരമുണ്ടോ? പ്രചാരവേല വെറും നുണ പറഞ്ഞു നടക്കുന്ന പ്രവൃത്തിയാണെങ്കിൽ മതാചാര്യന്മാർ പറഞ്ഞു

നടന്നിരുന്നതെല്ലാം നുണയാണോ? കഷ്ടം; പ്രചാരവേല അങ്ങാടിമരുന്നോ, പറിമരുന്നോ എന്നറിയാതെ, അതിനെ സംബന്ധിച്ച് ഹാസ്യമായും, അടിസ്ഥാനരഹിതമായുമുള്ള അഭിപ്രായങ്ങളും പറഞ്ഞു നടക്കുവാൻ ചിലർക്ക് ഇത്ര കരളുറപ്പ് വന്നുവല്ലൊ!

## ഒരു പുതിയ ലക്ഷ്യം

പ്രചാരവേലക്ക് ഒരുങ്ങി പുറപ്പെടുന്ന ഏവനും മതപരമായോ, സാമുദായികമായൊ, രാഷ്ട്രീയമായോ ഏതു രാജ്യത്തും ഇല്ലെങ്കിൽ ലോകത്തിന്നൊട്ടാകെയും ചില ഘട്ടങ്ങളിൽ നേരിടാവുന്ന സമാധാന ശൂന്യതയിൽകൂടി ഒരു വെളിച്ചം, ഒരു പ്രാപ്യമായ ലക്ഷ്യം, ഒരു മോചനമാർഗ്ഗം കാണുന്നവനോ, അങ്ങിനെ കണ്ട ഒരുവന്റെ ബുദ്ധിയുടെ തേജസ്സിൽ മയങ്ങിയവനോ ആയിരിക്കും. എങ്ങിനെയായാലും, സദാചാരത്തിലും, ധർമ്മത്തിലും സ്ഥിരനിഷ്ഠചെയ്യുകൊണ്ടുള്ള ഒരു ലക്ഷ്യം ആദ്യം ഉണ്ടായാൽ മാത്രമെ പ്രചാരവേലയുടെ പ്രാരംഭമായുള്ളു. എടോ, തനിക്കു വെള്ളം കൂട്ടാത്ത, ചത്ത കോഴിയെ പറപ്പിക്കുന്ന നുണ പറയാനറിയാമോ? എന്നാൽ ദേശീയ സമരനിരയുടെ പ്രചാരവേലയിൽ പോയി ചേർന്നുകൊള്ളൂ; എന്നുള്ള ഉപദേശങ്ങൾ കേട്ട് ആരും തെളിഞ്ഞ് പുറപ്പെടാതിരിക്കയാണ് നല്ലത്. ദേശീയ സമരനിരയുടെ പ്രചാരവേലയിൽ നുണക്ക് സ്ഥാനം ഇല്ല; നുണ ഉപയോഗിക്കാനുള്ള സൌകര്യം ഒരുത്തനെ മററൊരുത്തൻ നുണ പറഞ്ഞ് കൊല്ലുവാനൊരുങ്ങുമ്പോൾ മാത്രമാണ്. ബ്രിട്ടീഷ് ഗവർമ്മേണ്ടിനെ ആക്കെങ്കിലും ഇല്ലാതാക്കേണമെന്ന് മോഹമുണ്ടെന്നിരിക്കട്ടെ; നേരിട്ട് യുദ്ധം ചെയ്ത് ജയം നേടുവാൻ സാദ്ധ്യമല്ലെന്നും ഇരിക്കട്ടെ. അങ്ങിനെ വന്നാൽ നുണകൊണ്ടു ഒരു കയ്യ് നോക്കാം. പക്ഷെ, ദേശീയ സമരനിരക്ക് അതാവശ്യമില്ല. യുദ്ധംകൊണ്ട് സർവ്വ വിധേനയും കലങ്ങിമറിയുവാനിടവന്ന മനുഷ്യസമുദായത്തിന്ന് ഇന്നക്കും നാളെക്കും ഉപയോഗപ്രദമായി ഒരു വെളിച്ചം, ഒരു പ്രാപ്യലക്ഷ്യം കാട്ടികൊടുക്കുകയാണ് ദേശീയ സമരനിര ചെയ്യാൻ മുതിർന്നിരിക്കുന്നത്. ഈ ലക്ഷ്യം ഇന്നതാണെന്ന് ജനങ്ങളെ മനസ്സിലാക്കുകയും, അതിൽ അവരെ വിശ്വസിപ്പിക്കുകയുമാണ് ദേശീയ സമരനിരയുടെ ആദർശം. ഇതനുസരിച്ച് യുദ്ധസഞ്ചിക ചെയ്യുന്ന പ്രചാരവേലയെന്താണ്? നമ്മുടെ കേരളസമുദായം യുദ്ധത്തിന്നുമുമ്പ തന്നെയും യുദ്ധം ആരംഭിച്ചതിന്നുശേഷം പ്രത്യേകിച്ചും കലങ്ങി മറിഞ്ഞിരിക്കുന്നു. ഈ കലക്കം തീർത്ത് കേരളസുഖസംതൃപ്തിയൊഴുകുന്ന നദി അച്ഛസ്ഫടികമായി വരേണ്ടതിന്ന് എന്തെല്ലാം വിജ്ഞാനപ്രദങ്ങളായ വിവരങ്ങളെയാണ് പൊതുജനസമക്ഷം ഹാജരാക്കി അവക്കു ബോദ്ധ്യം വരുത്തേണ്ടതെങ്കിൽ അതിന്നു വേണ്ടതെല്ലാം സഞ്ചിക ചെയ്യും. പൊതുജനസമക്ഷം എന്ന പദം ഊന്നിപറയുന്നു: സഞ്ചികക്ക് പ്രത്യേകിച്ച് ചില സമുദായ വ്യക്തികളോടൊ സംഘങ്ങളോടൊ മാത്രമായി യാതൊരിടവാടും ഇല്ല. പണ്ഡിതന്മാർ, കുണ്ടാമുണ്ടിക്കാർ, വക്കീലന്മാർ, ജന്മിമാർ, എന്നുവേണ്ട, ഞങ്ങളെയൊക്കെ എല്ലാവരും പേടിച്ചുകൊള്ളണമെന്നഭിമാനിക്കുന്ന താടിയുള്ളപ്പന്മാരോടൊന്നും സഞ്ചികക്കിടവാടില്ല. മലബാറിലെ പൊതുജനങ്ങളുടെ ഹൃദയം ഒന്ന് കവരേണമെന്നുമാത്രമേ സഞ്ചികക്ക് മോഹമുള്ളു. ഇന്നല്ലെങ്കിൽ നാളെ അത് കവരാതിരിക്കയുമില്ല; സഞ്ചിക ആർത്തുവിളിക്കുന്നതും അട്ടഹസിക്കുന്നതും മററും അവക്കു വേണ്ടിമാത്രമാണ്; അവരുടെ നന്മക്കാണ്



ഇവരെല്ലാം ഇററലിയിലുള്ള ഐക്യകക്ഷി സൈന്യനായകന്മാരാണ്. വലത്തുവശം ഒടുവിൽ നില്ക്കുന്നാളാണ് ജനറൽ അലക്സാണ്ടർ

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 ജനുവരി 28-ാംനു-, വെള്ളിയാഴ്ച

## പ്രതിക്രിയ

ഏതൊരു പ്രതിക്രിയയുടെയും യഥാർത്ഥ കർത്താവു് മനുഷ്യനല്ല; മനുഷ്യൻ വെറും ഒരു ആയുധം മാത്രം. ഒരു പ്രതിക്രിയയുടെ ആരംഭം മുതൽ പരിണാമം വരെ ഇടവിടാതെ സൂക്ഷിച്ചു നിരീക്ഷണം ചെയ്യുന്നവന്നു് അതിൽ ഈശ്വരചൈതന്യത്തിന്റെ ഏററവും ഘോരസ്വരൂപം വിളയാടിക്കാണാതിരിക്കയില്ല. ഭീമന്റെ ഗദാപ്രഹരമേററുവീണ ദുശ്ശാസനന്റെ മാറ്വിടം പിളന്നു് രക്തം വാരിക്കഴിച്ച ആ ഘോരതേജസ്സിൽ നരസിംഹാവതാരം പ്രതിഫലിച്ചുകണ്ടിരുന്നുവെന്നു് മഹാഭാരതം ഘോഷിക്കുന്നു. ശാതോദരിയുടെ ചടുലചാരുകടാക്ഷപാതങ്ങൾ മാത്രം പാഥേയമായെടുത്തു, കാട്ടും മലയും തള്ളിത്തകത്തു, എങ്ങാനും കിടക്കുന്ന എന്തൊ ഒരു പുഷ്പം കൊണ്ടുവന്നു് ഭാര്യയുടെ പ്രീതി സമ്പാദിക്കാനൊരുങ്ങിയ ഭീമന്റെ ദുശ്ശാസനവധസമയത്തുണ്ടായിരുന്ന നോട്ടത്തിൽ ദ്രൌപദികൂടി ഞെട്ടിയെന്നല്ലേ പറയുന്നതു്! ഇങ്ങിനെയിരിക്കെ ഇന്നു ജർമ്മനിയിലൊട്ടാകെയും, തലസ്ഥാനനഗരിയായ ബർലിൻ നഗരിയിൽ വിശേഷിച്ചും, ബ്രിട്ടീഷ് വൈമാനികന്മാർവന്നു് ഭീമപരാക്രമം കാണിക്കുന്നുണ്ടെന്നു് വരുന്നതിൽ എന്താണു് അതിശയിക്കാനുള്ളതു്! രണ്ടു കൊല്ലം മുമ്പു ബ്രിട്ടനിൽ ചെന്നു ജർമ്മൻ വൈമാനികന്മാർ നടത്തിയ കൂത്തുകൊണ്ടു് അവിടെ എത്രഎത്ര ദ്രൌപതിമാർ ജർമ്മൻ ചോരകൊണ്ടു് തങ്ങളുടെ മുടി വേറെട്ടുക്കുവാൻ സാധിക്കുന്ന ഘട്ടത്തിലെ കേശഭാരം കെട്ടുകയുള്ളുവെന്നു് വെച്ചു് അഴിച്ചിട്ടിട്ടുണ്ടായിരിക്കും! ബ്രിട്ടനിൽ ചെന്നു ജർമ്മൻകാർ യഥാർത്ഥ രാക്ഷസസ്വഭാവം കാണിച്ചു; ഇന്നു് ബ്രിട്ടീഷു് വൈമാനികരുടെ സ്വരൂപത്തിൽ ഈശ്വരചൈതന്യം ജർമ്മനിയിൽ ചെന്നു കളിയാടുന്നു! ഇന്നു ബർളിൻ നഗരിയിലെ സ്ഥിതി പറകയാണെങ്കിൽ, കാലനെയുണ്ടു കാണുന്നിതെല്ലാടവും, എന്ന മട്ടായിട്ടുണ്ടു്. അങ്ങിനെ വരാതിരിക്കാൻ നിവൃത്തിയില്ല.

അത്യുൽക്കടൈഃ പുണ്യപാപൈഃ
ഇഹൈവ ഫലമശ്നുതേ.

എന്നാണു് പ്രമാണം. ജനവരി 21-ാം തിയ്യതി ബ്രിട്ടീഷ് വിമാനസേന എത്രയാണു് പുറപ്പെട്ടു ബർളിൻ നഗരിയിലെത്തിയതെന്നു് പറവാൻ വയ്യ. അരമണിക്കൂർ കൊണ്ടു് രണ്ടായിരത്തിമുന്നൂറു തൻ ബോംബുകൾ ഈ നഗരിയുടെ മേൽ വർഷിക്കുകയും ചെയ്തു. യുദ്ധം നടത്തിപ്പിന്നു ഹിററ്ലറെ സഹായിക്കുന്ന യന്ത്രശാലകളേയും, ഗതാഗതമാർഗ്ഗങ്ങളെയുമാണു് പ്രധാനമായി ലക്ഷ്യമാക്കിയിരുന്നതെങ്കിലും, ഈ തീമഴയിൽ എത്രയെത്ര ജർമ്മൻ കുടുംബങ്ങൾ അനാഥകളായിരിക്കണം. രണ്ടാം യുദ്ധരംഗത്തിൽ രാഗം പാടാൻ തുടങ്ങീട്ടെ ഉള്ളൂ; ഈ നിലക്കു വേഷം അരങ്ങത്തുവന്നു് ആടേണ്ടിവരുമോ എന്നു് സംശയമാണു്. ജർമ്മനിയിൽ എന്തൊന്നാണു് ഇനി ബാക്കിയുണ്ടാവാനിടയുള്ളതു്?

---

## ഇററലി

പട്ടാമ്പിയുടെ കിഴക്കുവശമുള്ള ദേശങ്ങളിൽ താമസിക്കുന്ന ചില മുത്തുമുത്തശ്ശിമാർക്കു് ഇന്നും വിചാരം പട്ടാമ്പിക്കു പടിഞ്ഞാറു് രാജ്യമില്ലെന്നാണു്. അവരുടെ വിവരം അന്വേഷണത്തിൽനിന്നു് കിട്ടിയതാണു്, ദേശസഞ്ചാരംചെയ്തു മടങ്ങിവന്ന അനവധി നാടൻ സന്യാസിമാരെ അവർ കണ്ടിട്ടുണ്ടു്. അനവധി രാജ്യങ്ങൾ സഞ്ചരിച്ച സന്യാസിമാരാണവർ. എവിടെയെല്ലാം സഞ്ചരിച്ചിട്ടുണ്ടു്? ഇട്ടെക്കോട്ട, ചളവറ, തൃക്കടീരി, വീരമംഗലം, ചെർപ്പുളശ്ശേരി, നെല്ലായ, പേങ്ങാട്ടിരി, വല്ലപ്പുഴ മുതലായ രാജ്യങ്ങളെല്ലാം സഞ്ചരിച്ചു കഴിഞ്ഞതിന്നുശേഷം പട്ടാമ്പിയുംകൂടി പോയിട്ടുണ്ടു്. പട്ടാമ്പി കഴിഞ്ഞു് പിന്നെയെന്തെ പേരുകൾ പറയാത്തതു്? പട്ടാമ്പി കഴിഞ്ഞാൽപിന്നെ പടിഞ്ഞാട്ടു രാജ്യമില്ല; ഉണ്ടെങ്കിലല്ലെ സഞ്ചാരത്തിൽപെടുത്തുവാൻ സാധിക്കൂ? ഇങ്ങിനെ ഒരു മുത്തശ്ശിവർഗ്ഗത്തിൽപെട്ടതാണു് ഇററലിയിൽ ജർമ്മൻ സൈന്യനായകനായ ജനറൽ കെസൽറിങ്ങെന്നു് തോന്നുന്നു. ഐക്യകക്ഷികൾ റോമിലേക്കെങ്ങിനെയാണു് കടക്കുക; ഞങ്ങൾ ഇവിടെ ഗാരിഗ്ലിയാനൊ നദിയുടെ വക്കത്തു അവരെ തടഞ്ഞുനിർത്തീട്ടുണ്ടല്ലൊ; എന്നായിരുന്നു ഈ ശുദ്ധൻ വിചാരിച്ചിരുന്നതു്. പക്ഷെ റോമിലേക്കു് ഇവർ തടഞ്ഞ മാർഗ്ഗം മാത്രമല്ല, വേറേയും ഉണ്ടെന്നു് ആതാ ഇപ്പോൾ ഐക്യകക്ഷി സൈന്യങ്ങൾ തെളിയിച്ചിരിക്കുന്നു. സമുദ്രവഴിക്കു് സൈന്യങ്ങളെ കൊണ്ടുവന്നു റോമിൽനിന്നു മുപ്പത്തിരണ്ടു മൈൽ അടുത്തുള്ള ഒരു പ്രദേശത്തു ഇറക്കി സങ്കേതം സ്ഥാപിച്ചിരിക്കുന്നു. ജനറൽ കെസൽറിങ്ങിന്നു് ഇപ്പോൾ ആരോടാണു് യുദ്ധം ചെയ്യേണ്ടിവരിക? ആദ്യം ഇററലിയിൽ ചെന്നിറങ്ങിയ സൈന്യങ്ങൾ തെക്കുനിന്നു വടക്കോട്ടടിച്ചുകയറുന്നു; ഇവരെ തടയുവാൻ വേണ്ട ശ്രമങ്ങൾ ചെയ്തുവരികയാണു് ജർമ്മൻ സൈന്യം. അപ്പോഴേക്കും അവരുടെ പിന്നിലായി ഐക്യകക്ഷിക

ളുടെ മറെറാരു സൈന്യം ചെന്നിറങ്ങിയിരിക്കുന്നു. കെസൽറിങ്ങും കൂട്ടക്കാരും പിന്നോക്കം ഊരിപ്പോയില്ലെങ്കിൽ അടയിലിട്ട നാളികേരപ്പൂളുപോലെയാകേണ്ടിവരും.

---

## ലെനിൻഗ്രാഡ്

റഷ്യൻ യുദ്ധരംഗത്തിൽ പുതുതായി ഒരു ഭയങ്കര രംഗമാണ് ജനവരി 14-ാം തിയ്യതി മുതല്ക്കു ആരംഭിച്ചിരിക്കുന്നതു്. ഈ രംഗം തീരെ പുതിയതല്ല; പക്ഷെ തെക്കൻ ഖണ്ഡങ്ങളിൽ അതിതീവ്രമായ യുദ്ധം യുക്രെയിനിലും മററും നടന്നുകൊണ്ടിരുന്നപ്പോൾ വടക്കു ലെനിൻഗ്രാഡ് രംഗം ഉറങ്ങുകയായിരുന്നു. ഇപ്പോൾ അവിടെയും റഷ്യൻസൈന്യം ആക്രമണം ആരംഭിച്ചുകഴിഞ്ഞു. ലെനിൻഗ്രാഡ് റഷ്യയുടെ പ്രൌഢനഗരികളിൽ ഏററവും പ്രധാനമായിട്ടുള്ള ഒന്നാണെന്നുമാത്രമല്ല, ഇതിലുണ്ടായിരുന്ന മുപ്പതുലക്ഷം ജനങ്ങൾ പതിനാറു മാസം ഭക്ഷണത്തിന്നു നിവൃത്തിയില്ലാതെ ഉഴലേണ്ടിവന്നു. അന്നു് ജർമ്മൻസൈന്യം ഈ നഗരിയെ വളഞ്ഞു, പുറമെനിന്നു് അകത്തേക്കുള്ള സർവ്വ ഗതാഗതങ്ങളും തടഞ്ഞുനിർത്തിയിരിക്കയായിരുന്നു. എന്നിട്ടും അവിടുത്തെ ജനങ്ങൾ ജർമ്മൻകാർക്കു കീഴടങ്ങിയില്ല. കഴിഞ്ഞകൊല്ലം ഇക്കാലത്തു ഇതിനടുത്തുള്ള ഷൽബർഗ് കോട്ട റഷ്യൻസൈന്യം തകർത്തതോടുകൂടി അകത്തേക്കുള്ള ഗതാഗതം പുനർജ്ജീവിപ്പിക്കുവാൻ സാധിച്ചു. എങ്കിലും ലെനിൻഗ്രാഡ് നഗരിക്കു ജർമ്മൻസൈന്യത്തിൽനിന്നുള്ള ആപത്തൊഴിച്ചിട്ടുണ്ടായിരുന്നില്ല. എങ്ങിനെ ആപത്തൊഴിക്കും? ഈ പ്രദേശം മററു യുദ്ധഖണ്ഡങ്ങളിൽനിന്നു് എത്രയോ വ്യത്യാസപ്പെട്ട നിലയിൽ ജർമ്മൻകാർ കോട്ടകെട്ടിയുറപ്പിച്ചിട്ടുള്ളതാണ്. ഇപ്പോൾ റഷ്യക്കാർ ആരംഭിച്ച ആക്രമണം ഈ പ്രദേശത്തുനിന്നു് ജർമ്മൻകാരെ ഒട്ടാകെ ആട്ടിയോടിച്ചു ലെനിൻഗ്രാഡ് നഗരിക്കുള്ള ആപത്തൊഴിപ്പിക്കുവാനാണ്. ഇതേവരെ നടത്തിയ ആക്രമണംകൊണ്ടു ലെനിൻഗ്രാഡ് നഗരിക്കു 25 നാഴിക ചുററും ഒരു ജർമ്മൻകാരനേയും കാണ്മാനില്ലാതായിരിക്കുന്നുവത്രെ.

## ആ ധീരപത്നി

(ശ്രീമാൻ കുറുവങ്ങാട്ടു് കെ. ജി. പണിക്കർ)

(കേക)

I

അപവാരണംചെയ്തു താനുടൻ യുദ്ധോദ്യമ-
ത്രപയാൽ, ലോകത്രാതാവൊരുങ്ങീ യാത്രക്കപ്പോൾ.
പെട്ടിയും മററും*ഭേസികൊണ്ടൊരു കൂലിക്കാരൻ-
മുററത്തു, ചുററുംബന്ധുമിത്രാദി നാനാജനം.
ജീവധനാഥ തങ്ങൾക്കുള്ള ജീവധമേകം
†ജീവധ പുത്രംപൂണ്ടുകൊണ്ടുമങ്ങിനെ കണ്ടാൻ.
തെല്ലിടനിശ്ചേഷ്ടനായ്, നിർന്നിമേഷനായ്നിന്നു
വല്ലഭനിവൻയുധി, വല്ലായ്മപെട്ടൊന്നൊന്തോ!
ഔഢമായ് കൺകോണമ്മട്ടൌപചാരികം പോലെ-
കൌഡുംബ ബന്ധബദ്ധൻ ഇരുന്നാൻലേശംമെല്ലെ.
പോക്കുളം കടിയേക്കാൾ സ്നേഹിക്കും ധീരാഗ്രിമൻ-
ആക്കും നേക്കുടുകുവാനാവാത്തോരീവിക്രമൻ,
വൈവശ്യമാർന്നുകഷ്ടം പ്രേമത്തിൻ ധാരാധരം-
പാവകപ്രമാണമാം വിരഹം വ്യവഹാരം,
ജീവിതമഹാമഘത്തികവിൻ നറുംസുമം,
പാവിതസ്സുകൃതത്തിൻ ഭാവിതഫലക്ഷേമം.
തന്നോമൽ കൊച്ചുപൈത,-ലാമഞ്ജുമരതക-
പ്പൊന്നണിഞ്ഞതിന്നമ്മ,താൻ ജന്യയാത്രോദ്യമൻ.
ഏതൊരു ജിതേന്ദ്രിയന്നകവും പതുങ്ങാതു-
ണ്ടാകുമൊ? സന്ദർഭത്തിൽ ഏവം, ഹാ വിശ്രംഭത്തിൽ.

II

അശ്രുവൊന്നിടംകണ്ണിൽ നിന്നതിന്നെത്തിച്ചേർന്നു
നിശ്ചിതിനേടുംധീരൻ തന്നുടെ വിരിമാറിൽ.
ഭീതിതന്നുറവല്ല, ഖേദബാഷ്പവുമല്ല
ഭൂതമക്കണംമുക്ത സ്നേഹത്തിന്നുറവുതാൻ!

III

ബാധകമിദംകണ്ടു പാതിയാന്നുവേഗം
പാഥോജമിഴി ധൈര്യപൂർവ്വകം ചൊന്നാളേവം
"നാഥ ഞങ്ങളിലേലും കൂറുകൂറുകയാലീ-
ബാധന നിലപെട്ടു മാഴ്കരുതൊട്ടും മേലിൽ,
ഭംഗുരേതരകീർത്തിക്കങ്ങെന്നും പാത്രമായെ,-
ഭംഗിയുള്ളുമേ മന്നിലല്പവും ജീവിക്കുവാൻ.
ഭണ്ഡനമണിഞ്ഞരി ഭഞ്ജനം ചെയ്യാനൊട്ടും
ദണ്ഡമങ്ങുണ്ടാവരുതെങ്കിൽ ഞാൻ ധന്യയായേൻ
മരണം നിയതിതൻ നിശ്ചയമെവിടുന്നും-
വരുമായതു നമുക്കെള്ളതോ തീർച്ചയാക്കാൻ?
ജീവിതം തെല്ലായാലും പാവിതം ചൊല്ലാളുകി-
ലാവിലമല്ലാതായീ ഭുവനം നമുക്കെന്നും.
ഹിണ്ഡനം ശത്രുയോധദ്ധ്വംസനസമുദ്ദേശ്യ-
മണ്ഡമണ്ഡനപരം ഭദ്രം തേ,-പുറപ്പെട്ടു."

IV

ശോവിതു, മനസ്വി-തൻമാനിനീ മതംശീഘ്രം,
പാവനസ്പർശംപോലൊന്നിളക്കീ യോദ്ധാവിനെ,
ലസൂചിത്തനായവൻ, ഉടൻതൻ തങ്കക്കുഞ്ഞിൻ-
കററവാർകുഴലണി മസ്തകം തന്നിൽപാടെ
വിബന്ധമെന്യെ ചുംബിച്ചീടിനാൻ പലപോതും
നിബന്ധം നീക്കിവീണ്ടും നോക്കിനാനെല്ലാപാടും.
യാത്രചോദിച്ചതാണീനേരം, അദ്ധീരപത്നി-
മാത്രമപ്പൊഴും സ്ഥിരപ്രൌഢഭാവയായ് നിൽപൂ.

---

* ഭേസി=വഹിച്ചു. † ജീവധ=സൽഗുണമുള്ള.

# വടക്കൻ പാട്ടിലെ കേരളീയ തറവാട്

(ശ്രീമാൻ പി. കെ. കെ. മേനോൻ, എം. എ. എം. ലിററ്)

ആശയഗാംഭീര്യംകൊണ്ടും പാണ്ഡിത്യപ്രകടനംകൊണ്ടും നമ്മെ അമ്പരപ്പിക്കുന്ന മഹാകാവ്യങ്ങളുണ്ട്; ഭാവനാസൌന്ദര്യംകൊണ്ടും പ്രതിപാദനമാധുര്യംകൊണ്ടും നമ്മെ വശീകരിക്കുന്ന മനോഹര കൃതികളും ധാരാളം. പക്ഷെ, ഭൂഷയും വേഷവും ആടയും അലങ്കാരവും ഇല്ലാതെ, കുഞ്ഞായിരുന്ന കാലത്ത്, കൈരളി പൂങ്കണ്ഠത്താൽ പാടിയ പഴഞ്ചൻ പാട്ടുകൾ ചെകിടിന്നെന്നും പാൽക്കുഴമ്പായിരിക്കും. നമ്മുടെ നാട്ടിലെ മൺമറഞ്ഞ വീരന്മാരുടെ അപദാനങ്ങൾ പ്രപഞ്ചനം ചെയ്യുന്ന വടക്കൻ പാട്ടുകളുടെ പ്രത്യേകവിശേഷമായ ആ സാധാരണത ഏററവും ഹൃദ്യമായിരിക്കുന്നു. മദ്ധ്യകാലത്തെ ഉത്തരകേരളീയരുടെ സമുദായിക ജീവിതത്തെ ഇത്രയും സൂക്ഷ്മമായി പ്രതിഫലിപ്പിക്കുന്ന സാഹിത്യദർപ്പണം വേറെയില്ലെന്നുതന്നെ പറയാം. അന്നത്തെ വികാരങ്ങളും, വിചാരങ്ങളും, വിശ്വാസങ്ങളും, ആചാരങ്ങളും അനുഷ്ഠാനങ്ങളും, അഭിമാനവും ആഭിജാത്യവും, മാനവും, മര്യാദയും, ഉടുപ്പും നടപ്പും, എന്നുവേണ്ട, മനുഷ്യജീവിതത്തിലെ സർവ്വ വിഭാഗങ്ങളും ആ നാടോടിപ്പാട്ടുകളിൽ പ്രകാശിതമായിട്ടുണ്ട്. വടക്കൻ പാട്ടുകളുടെ കലാപരമായ സൌന്ദര്യവും ചരിത്രപരമായ പ്രാധാന്യവും ഗവേഷകന്മാർതന്നെ അഭിനന്ദിക്കുകയും കുറിക്കുകയും ചെയ്തുകൊള്ളട്ടെ; അവയിലേക്ക് ആകപ്പാടെയൊന്ന് കണ്ണോടിക്കുകയേ ഇവിടെ നാം ചെയ്യുന്നുള്ളു.

അന്തസ്സും പ്രൌഢിയും പഴമയും പാരമ്പര്യവും നിറഞ്ഞുവഴിഞ്ഞിരുന്ന അന്നത്തെ തറവാടുകളിൽ ജീവിതരീതി വളരെ ഭേദമായിരുന്നുവെന്നുതന്നെവേണം പറവാൻ. വെള്ളക്കേടും വെയിൽക്കേടും കൂടാതെ മുത്തുവിളയുന്ന പുഞ്ചക്കണ്ടങ്ങൾ, പട്ടുപഴുത്ത കവുങ്ങുംതോട്ടങ്ങൾ, പടല പഴുത്ത വാഴത്തോട്ടങ്ങൾ, കുലയിലുണങ്ങിയ തെങ്ങുംതോട്ടങ്ങൾ—ഇങ്ങിനെ സൌഭാഗ്യവും സമൃദ്ധിയും സമാഹരിച്ചുവെച്ച ഒരു തറവാട്ടിലേക്ക് നമുക്കൊന്നു കടന്നുനോക്കാം. നാലുപുരയും നടുമുററവും എട്ടുകെട്ടും എടുപ്പുററവുമെന്ന പഴയ സമ്പ്രദായത്തിൽ ദേശത്താശാരി മുഴമിച്ച ഭവനമാണത്. പടികടന്നു ഏഴുമുററങ്ങളിലും വെച്ച് പ്രാധാന്യമേറിയ പടകാളിമുററത്തു നാം ചെല്ലുന്നു; ക്രമേണ ഏഴുനിരയുള്ള പൂമുഖവും, ചിത്രമെഴുതിയ ചുമരുകളും, തെക്കിനിത്തളവും ചിത്രത്തൂണും പടിഞ്ഞാററിയും നിലയറയും നാടകശാലയും അടുക്കളയും നമ്മുടെ ദൃഷ്ടിക്ക് വിധേയമാകുന്നു. കിഴക്കു പുത്തിലഞ്ഞിയും മുല്ലത്തറയും തെക്കു തേൻപുളിയും നെടുങ്കളരിയും പടിഞ്ഞാറു പാലയും വടക്ക് വളർമാവുന്തയും കാണാം. തൊട്ടുകുളത്തിന്നും മണിക്കിണററിന്നും പുറമെ, പന്തികൾ, അന്തിമാടം, കൂത്തുമാടം, ഊട്ടുപുര, പടിപ്പുര, കുളിപ്പുര, ഉരൽപുര മുതലായവയെല്ലാം അതാതാവശ്യം പുരസ്കരിച്ച് ചുററും ഉണ്ടായിരിക്കും. ഇങ്ങിനെ ഏഴരമാളികയുള്ള ഒരു മണിക്കെട്ടിടവും അതിനെ അവലംബിച്ചു വർത്തിക്കുന്ന പുറംകെട്ടിടങ്ങളും, പുഞ്ചപ്പാടത്തു തോട്ടരികെയുള്ള എകന്ന നടവരമ്പത്തൂടെ പോകുന്ന വഴിയാത്രക്കാരന്ന് അതിദൂരെനിന്നുതന്നെ കാണാമായിരുന്നു.

പുലരാനേഴരയുള്ളപ്പോൾ കളരിയിലെ പൂജയോടുകൂടി തറവാട്ടിലെ നിത്യകർമ്മങ്ങൾ തുടങ്ങുകയായി. പുലച്ചക്ക് സ്ത്രീകൾ വിളക്കു കൊളുത്തും, മുററമടിച്ച് ഗൃഹകൃത്യങ്ങളിൽ ഏർപ്പെടും. ചിററാണിപ്പത്തായത്തിൽനിന്നെടുത്ത്, നിററിൽകുഴകി പതംവരുത്തിയ അരികൊണ്ടുള്ള കഞ്ഞി കാലത്തുതന്നെ കഴിയും. അതിന്നിടക്കൊ ശേഷമൊ സ്ത്രീകൾ താമരക്കുളത്തിലേക്കൊ ആററാഞ്ചിറയിലേക്കൊ കുളിപ്പാനുള്ള പുറപ്പാടായി. ആഭിജാത്യമുള്ളവരെങ്കിൽ തിരിയിട്ടു ചങ്ങലവെട്ട മുമ്പിൽപോകും. പിണാത്തിമാരുടെ അകമ്പടിയോടുകൂടി, മുടികൊണ്ടു വെഞ്ചാമരം വീശി, കാൽകൊണ്ട് താളം ചവുട്ടി അവർ ആനനട നടക്കുമ്പോൾ അവിടമൊക്കയും പൊൻതിളങ്ങിയേക്കും. എണ്ണ തലനിറച്ചു തേക്കും; കുഞ്ഞിക്കിണ്ണത്തിലെ താളി പതപ്പിച്ച്, കരടരിച്ച് മെഴുക്കിളക്കും, വാകപ്പൊടി തേച്ച് മയം വരുത്തും. കുളിക്കുശേഷം എകന്ന കടവേറി തോർത്തി സൂര്യന്നു ജലം ജപിച്ചെറിയും. ചന്ദനം ഉരസി ഏലക്കുറിയെഴും ചന്തക്കുറിയും വരക്കും; പൊൻകോണ്ടരച്ച് തിലകംതൊട്ട് കുങ്കുമം കൊണ്ട് പൊട്ടുതൊടും. പുരുഷന്മാരും ഇതിന്നിടക്ക് പൂങ്കുളംചാടി വേഗം കുളികഴിക്കും; അമ്പത്തൊന്നും നൂററൊന്നും തേവാരം എണ്ണി ഉരുക്കഴിക്കും. അവർ ചൂട്ടൻ കുറിയും തൊടുകുറിയുംവരച്ച്, അലക്കിത്തെളിഞ്ഞ മുണ്ടുടുക്കുമ്പോഴേക്കും ഊണുകഴിപ്പാൻ കാലമാവും. തരിയിട്ട കിണ്ടിയിൽ വെള്ളവും വീരാളിമന്നൻ തടുക്കും ഒരുക്കിക്കഴിഞ്ഞാൽ, പൂവൻവാഴയിലയിൽ പൂപോലെയുള്ള ചോറും പൊൻപോലെ നാലു കറിയും മഴവെള്ളംപോലെ നെയ്യും നാലു വറവുകളും വിളമ്പുകയായി. ഭക്ഷണാനന്തരം, പൂമുഖത്തു തെക്കൻകാററാടുന്ന കളിത്തിണ്ണമേൽ എല്ലാവരും ചെന്നിരിക്കുന്നു. ഈററൻ കവുങ്ങിന്റെ പാക്കും പാലിൽ പുഴുങ്ങിയ കളിയടക്കയും ചാപ്പാടൻ പുകയിലയും ചങ്കിലൊളിമിന്നുന്ന നൂറും കൂട്ടി, പൊന്നിൻതളികയിലെ നാക്കുമൂക്കുമൊത്ത കിളിവാലൻ വെററില ഏഴുമടക്കായി ചുരുട്ടി മുറുക്കുന്നതും സ്ത്രീകൾ കാൽനീട്ടിയിരുന്ന് പല ഗ്രന്ഥങ്ങളും രാഗങ്ങൾ മാററിമാററി ഓടക്കുഴലിന്റെ നാദത്തിൽ വായിക്കുന്നതും മിക്കവാറും അങ്ങിനെയുള്ള വിശ്രമവേളകളിലായിരിക്കും. ഇടക്കു, തളച്ച് തീരാനൊ ദാഹം തീർക്കാനൊ, കസ്തൂരി അരച്ചുചേർത്ത കാച്ചിയ പാലും കഴിച്ചെന്നുവരാം. വിഭവസമൃദ്ധമായ അത്താഴത്തിന്നുശേഷം, മണിമാളികയിലെ ആടിച്ച അരക്കു കട്ടിന്മേൽ ഏഴുകിടക്ക നിവർത്തി, ചന്ദനമെത്തയും മേലാപ്പും വിരിച്ച്, കാല്ക്കലും തലക്കലും തലയണയും ഇടത്തും വലത്തും കോളാമ്പിയും വെച്ച് സുഖമായി കിടന്നുറങ്ങുകയും ചെയ്യും.

ഇപ്രകാരം സമ്പൽസുഭഗമായ ദിനചര്യ കുടുംബാംഗങ്ങളുടെ സൌഹാർദ്ദതയിൽ കഴിഞ്ഞുപോകും. അമ്മാമന്ന് മരുമക്കളോടുള്ള മമതയും ആങ്ങളക്കു ഉടപ്പിറന്നവളോടുള്ള കൂറും അനുജന്ന് ജ്യേഷ്ഠനോടുള്ള സഹായിയും ഒന്നു വേറെതന്നെ ആയിരുന്നു. അറിവ് പെരുകിയാലും, പെണ്ണുങ്ങൾക്ക് മുന്നറിവില്ലെന്ന് കരുതിവന്നതുകൊണ്ട്, അവക്ക് ചോറും നെയ്യും കുറക്കാതെ, വേണ്ടുന്നതെല്ലാം കൊടുത്തു, ആവുന്നിടത്തോളം അവരെ മാളികയിൽനിന്നും പുറത്തിറക്കാത്തതായിരുന്നു അന്നത്തെ ചിട്ട. അമ്മാമൻ കൊടുത്ത ഉരുളച്ചോറുണ്ട് കൂറോടെ വളർന്നുവന്നു അന്നത്തെ മരുമക്കൾ. എങ്കിലും അമ്മാമനറിയാതെ ഈട്ടുവെപ്പുകൾ കൊണ്ടുപോയി, ഭാര്യവീടുകളിൽ, പടിയും പടിപ്പുരയും കേമമാക്കി, കിണറും കുളങ്ങളും ഭംഗിയാക്കുന്ന അനന്തിരവന്മാരും ഉണ്ടായിരുന്നു. തറവാട്ടിലെ കലക്കവും ആകപ്പാടെയുള്ള കുഴക്കവും നിമിത്തം മനസ്സ് മടുത്ത കാരണവന്മാർ വയസ്സുകാലത്ത്, എല്ലുമൂത്ത ഇറച്ചിയും മുള്ളുമൂത്ത മീനും മറന്നു, വടിയും കുടയും മാലയും മോന്തയുമേന്തി തീർത്ഥം തിരഞ്ഞു പുറപ്പെടാൻതന്നെ തീരുമാനിക്കുന്നതും ചിലപ്പോൾ പതിവായിരുന്നു. സാധാരണമായി ഉത്തരക്കള്ളിയിലെ താക്കോൽക്കൂട്ടം കാരണവരുടെ അധീനത്തിൽതന്നെയെന്ന് പറയാം. നിലയറയിൽ ഏടോലപ്പെട്ടിയിലൊ കാരോലപ്പെട്ടിയിലൊ സൂക്ഷിച്ച ചെമ്പോലകളിലാണ് കാര്യവിവരങ്ങളെല്ലാം കുറിച്ചിരുന്നത്. നാടുവാഴിത്തമ്പുരാക്കൾ വീടും കളരിയും കണ്ടങ്ങളും അട്ടിപ്പേറായി ചാർത്തികൊടുത്തെന്നുവരാം; കന്നും കൃഷിയും നെല്ലും വിത്തും പൂന്തോട്ടവും പൊന്മലയും കളരിയും കളപ്പാടവുമൊത്ത അന്നത്തെ തറവാടുകൾ സൌഭാഗ്യലക്ഷ്മിയുടെ നിലയനങ്ങളായിത്തന്നെ പരിലസിച്ചു. അങ്കചുങ്കങ്ങൾക്കും തരകുകൾക്കും പുറമെ, വാരവും വീട്ടുകൂലിയും പാട്ടവും പലിശയും മാപ്പിളതൊപ്പിപ്പണവും തിയ്യകത്തിപ്പണവും ഏതാനും ചില ആദായ മാർഗ്ഗങ്ങളായിരുന്നു. വാണിഭക്കാരൻ ചെട്ടി ചിങ്ങമാസത്തിൽ മൂലന്നാൾ പൊതികെട്ടി നെല്ലും കിഴികെട്ടി പണവും പലിശയായി കൊണ്ടുവന്നാൽ, പകരം പട്ടും പഴയരിയും പച്ചക്കുലയും പഴക്കുലയും പപ്പടക്കെട്ടും സമ്മാനമായികൊടുക്കും. നെല്ലിന്റെ പലിശകൊണ്ട് ഓണവല്ലിയും പണത്തിന്റെ പലിശക്കൊണ്ട് ഓണപ്പുടയും കഴിയണമെന്നായിരുന്നു വെപ്പ്. വല്ലി കൂലികൾ കുറക്കാതെ, അടിയാരേയും കന്നിനേയും വലപ്പിക്കാതെ, വേലിക്കോലുകൾപോലും കളയാതെ, എല്ലാവരും സ്വത്തു സംരക്ഷിച്ചുപോന്നു. ഏഴരച്ചെപ്പും നാനാഴിയൊ പന്തിരുനാഴിയൊ പൊൻപണവും കാരണവന്മാർ നേടിവെക്കും തറവാടു മുടിയുംകാലം മരുമക്കൾക്ക് ചെന്നെടുക്കാൻ അകത്തു പട്ടിടപ്പെട്ടിയിൽ പട്ടും പൊന്നിടപ്പെട്ടിയിൽ പൊന്നും പൊൻകിണ്ണവും പൊൻവിളക്കും കിണ്ടികളും പണ്ടങ്ങളും സ്വത്തായി കരുതിവെക്കും.

ഒരു കുട്ടിയുടെ ജനനം ഇങ്ങിനെയുള്ള ഒരന്തരീക്ഷത്തിലാണെങ്കിൽ പ്രസവിച്ചാൽ പത്തിൽ പാലാർജ്ജുനവും പതിനഞ്ചിൽ പുണ്യാഹവും കഴിയ്ക്കും; ഇരുപത്തെട്ടിൽ ഉററവർ ചരടുകെട്ടി പേരുവിളിയ്ക്കും; ബന്ധുക്കളെല്ലാം കുട്ടിക്ക് പുലിനഖമോതിരം, അരഞ്ഞാൺ, വള മുതലായവ സമ്മാനവും കൊടുക്കും. ആൺകുട്ടിക്ക് ആണുങ്ങൾതന്നെ ചോറൂണു നടത്തുന്നതായിരുന്നു ചേർച്ച. രവീന്ദ്രനോ രാധാകൃഷ്ണനോ- സരോജനിയോ സൌദാമിനിയോ അന്നുണ്ടായിരുന്നില്ല; ചാപ്പനും ചന്തുവും ആനച്ചെവിയുള്ള കുഞ്ഞാതേനനും കുങ്കനും, എള്ളിലൊളിമിന്നുന്ന കുഞ്ഞുണ്ണൂലിയും മുടിമേൽ കൊടികെട്ടിയ കുട്ടിമാണിയും ഇരുനാക്കുള്ള ഉണ്ണിയാച്ചയും നണച്ചുണ്ടിയായ ഉണിച്ചിരുതയും അന്നത്തെ നല്ലോമനപ്പൈതങ്ങളായിത്തന്നെ വളർന്നുവന്നു. പട്ടുചരടും വെള്ളിപ്പുതുക്കൻ മണിയും കെട്ടി ആടിയോടിയിരുന്ന അവരുടെ ചന്തവും ചാച്ചലും കാണികൾക്ക് നയനമോഹനം തന്നെയായിരുന്നു. ആൺകുട്ടികൾ മൂന്നു വയസ്സിൽ മുടിയിറക്കി, അഞ്ചു വയസ്സിൽ കാതുകുത്തി, ഏഴു വയസ്സിൽ എഴുത്തി

നിരിയ്ക്കും; പെൺകുട്ടികളെങ്കിൽ അഞ്ചു വയസ്സിൽ കാതുകുത്തി, ഏഴു വയസ്സിൽ എഴുത്തിനിരുന്ന് എട്ടുവയസ്സിൽ മുടികെട്ടും. കുഞ്ഞികുടയും ഗ്രന്ഥക്കെട്ടുമായി കളരിയിൽ എഴുത്തു പഠിക്കുന്നതോടുകൂടി, ഇരുകൂട്ടരും ഭേദം കൂടാതെ കച്ചകെട്ടി മെഴുക്കണിഞ്ഞ്, കെട്ടും പയററും ഗ്രഹിയ്ക്കും, അടവും തൊഴിലും ഉറപ്പിയ്ക്കും; പയററിൽ മികച്ചു നിന്നിരുന്ന തുളുനാടൻ സാംപ്രദായവും അറിഞ്ഞുവെയ്ക്കും.

വിദ്യാഭ്യാസവും മെയ്യഭ്യാസവും കഴിഞ്ഞാൽ യുവാക്കന്മാർ നാടുതെണ്ടുക പതിവായിരുന്നു. കുളിക്കരുതാത്ത കുളത്തിൽ കുളിച്ചും, കയറരുതാത്ത പടി കേറിയും, സ്നേഹിച്ച വെററില മുറുക്കിയും അവർ ഏറിയ നാട്ടും നടന്നുകാണും. പ്രായമെത്തിയ പെൺകൊടികളെ കണ്ട് പച്ചമീൻകണ്ട പരുന്തുപോലെ കൊതിയ്ക്കുന്നതും, ഇരിക്കുന്ന മണ്ണും നടക്കുന്ന നിലവും മറന്നുപോകുന്നതും ആ യാത്രയുടെ സ്വാഭാവിക ഫലം മാത്രമായിരുന്നു. ആൽത്തറമേലോ കുളക്കടവിലോ വഴിവരമ്പത്തോ പൂരപ്പറമ്പിലോ ആ സമ്മേളനങ്ങൾ യാദൃച്ഛികമായി സംഭവിച്ചേക്കാം. മഞ്ചലും, കാററത്തുണക്കില പാറുമ്പോലെ കൊണ്ടോടുന്ന അമാലന്മാരും അടുത്തുതന്നെ തെയ്യാറായിനിൽക്കെ, പുരുഷന്മാർക്ക് പരസ്ത്രീകളെ ഹരിയ്ക്കുന്നതിൽ പ്രതിബന്ധമോ, ഉററവരെ പിരിയുന്നതിൽ സ്ത്രീകൾക്ക് വലിയൊരു വൈമനസ്യമോ ഉണ്ടായിരുന്നില്ല. ആ സന്ദർഭങ്ങളിലെല്ലാം സ്ത്രീകളുടെ നെഞ്ചുറപ്പും കെൽപും കോപ്പുമായിരുന്നു പ്രധാനമായ പങ്ക് വഹിച്ചിരുന്നത്. അങ്ങോട്ടുമിങ്ങോട്ടുമുള്ള ഗൂഢസന്ദേശങ്ങളെല്ലാം വാർന്നുമുറിച്ച നീലക്കരിമ്പനയോലയിൽ അകവും പുറവും നിറച്ചെഴുതിയതായിരുന്നു. എന്തായാലും, വഴിപിഴച്ച ചങ്കിൽ മുഴയില്ലാത്ത കന്യാജനങ്ങൾ തറവാട്ടേക്ക് ഒരു മാനക്ഷയം തന്നെയായിരുന്നു. പല്ലില്ലാത്ത പട്ടി കടിക്കുന്നതുപോലും ഇതിൽ പരമുള്ള അവമാനമായിരുന്നില്ല. വിഴച്ച പെണ്ണിനെ മാളിക കീഴിറക്കി മറവളച്ചിരുത്തും; വരവരച്ചു നിർത്തി സാമദണ്ഡോപായങ്ങൾ പ്രയോഗിക്കും; ദേശവാഴിയും അയിലാളരും കാര്യമറിഞ്ഞു പോകും. ഈററില്ലം കണ്ടവളെ ദൈവത്തെപ്പോലെ കരുതണമെങ്കിലും തറവാടിന്റെ രക്തശുദ്ധിക്കുവേണ്ടി പെൺകുല നടത്താൻ അന്നുള്ളവർ ഒരുക്കമായിരുന്നു; വഴിപിഴപ്പിച്ചവൻ അച്ഛന്മാർക്ക് മനസ്സൊത്തവനെങ്കിൽ ആർക്കും ചേതമൊട്ടില്ലതാനും.

ഈവക വിഷമങ്ങളൊന്നുമില്ലാതെ പൊൺതരവും വീടും ഒത്തുകിട്ടിയാൽ, നാളും പൊരുത്തവും നോക്കി മുറി മുറിയ്ക്കുവാൻതന്നെ തീർച്ചപ്പെടുത്തും. ചെക്കൻ ചമഞ്ഞ് മുഹൂർത്തംനോക്കി കോലാഹലത്തോടെ യാത്രയാകും. അങ്ങോട്ടുമിങ്ങോട്ടും അച്ചാരംചൊല്ലി, പെണ്ണോടുകൂടിത്തന്നെ പൊന്നും ചന്ദനവും, പാത്രവും, പശുക്കിടാവും കൊടുക്കുന്നതായിരുന്നു അന്നത്തെ പതിവ്. പന്തലിൽ വിളക്കു കൊളുത്തി വെള്ളക്കരിമ്പടം വിരിച്ച്, വെള്ളവും താലവും ദീപവുമായി എതിരേററ്, അരിയെറിഞ്ഞുവേണം പുതിയ പെണ്ണിനെ പടിപ്പുരയിൽനിന്നും അകംകൊള്ളിക്കുന്നത്. അനന്തരം നാലുകെട്ടിൽ ഇടമലത്തിയിട്ട പുൽപായിലിരുത്തി പാൽബന്ധവും കഴിയ്ക്കും. ചൊല്ലിയതു കൊടുത്ത്, കയ്യും കണക്കും പറഞ്ഞ് നൂലാചാരം മടക്കിക്കൊടുത്താൽ വിവാഹമോചനവും ആയി. ഒരു സ്ഥലത്തുനിന്ന് വാക്കൊഴിയ്ക്കുകയേ വേണ്ടിയിരുന്നുള്ളു ഒരുത്തിയ്ക്കു മറെറാരുത്തനെ വരിക്കാൻ.

മാനസോല്ലാസത്തിന്നു വേണ്ട വിനോദങ്ങളും ഫലപ്രാപ്തിക്കുതകിയ വിശ്വാസങ്ങളും കാലത്തിന്നു യോജിച്ചമട്ടിൽ അന്നുണ്ടായിരുന്നു. വട്ടക്കളിയും കൈകൊട്ടിക്കളിയും പെണ്ണുങ്ങൾക്കുമാത്രം ചിതമെങ്കിലും പകിടകളിക്ക് സ്ത്രീപുരുഷഭേദമുണ്ടായിരുന്നില്ല. യുവാക്കന്മാരുടെ ഒരു വിനോദം കാരാപ്പറമ്പിൽചെന്ന് കാരകളിക്കുന്നതായിരുന്നു; കാരവിളി മൂന്നുവിളിച്ചാൽ കാരാപ്പിള്ളരെത്തും; ചേരിപകുത്ത് കാരാമണികൊണ്ടു കളിയും തുടങ്ങും. ഇങ്ങിനെ പള്ളർകളിയും നായാട്ടും കൂട്ടും കുറിയുമായി ജീവിതത്തിലെ വസന്തകാലം കഴിഞ്ഞുപോകും. കാവുകളിൽ കൂത്തോ, വിളക്കോ, വേലപൂരമോ അടുത്താൽ പെണ്ണുങ്ങളെല്ലാം മൈയെണ്ണപ്പെട്ടി തുറക്കും; ആടകൾ കടഞ്ഞുടുക്കും; ഓടക്കുഴലിൽതിരച്ച പച്ചോലപ്പട്ടും നീലക്കവുണിപ്പുടയും ചുളിതീർത്ത് പൂക്കുല ഞെറിവെച്ചുടുക്കും; വടക്കൻ ഞെറിവെച്ച്, നേരിയതോർത്ത് മേൽമുണ്ടായി ചുററും; അഞ്ജനമെഴുതി കളഭം പൂശി, കണ്ണാടി നോക്കി, കാർകൂന്തൽ കടഞ്ഞുകെട്ടും; കാതിൽ പൊൻതോടയും, കൈകളിൽ രാമായണം കൊത്തിച്ച വളകളും, മാറിൽ ഏഴുചുററുള്ള പൊന്മാലയും താലിമാലയും ചാർത്തും; അരയിൽ കൊട്ടുമ്പടി വെച്ച പൊന്നരഞ്ഞാൺ അഴകിന്നു പൂട്ടും; അയിലാളർ പെണ്ണുങ്ങളോടൊത്ത്, തളിത്ത മാവുന്തയ്യുപോലെ, കുന്നത്തു പൂത്ത കൊന്നപോലെ, മുറിച്ച വയനാടൻ മഞ്ഞൾപോലെ അവർ പ്രശോഭിക്കും. കൂത്ത്, തിരി, തിയ്യാട്ടം, കളഭാട്ടം, ഊട്ട്, പായസം, പള്ളിപ്പാന മുതലായ നേർച്ചകൾ അഭീഷ്ടങ്ങളെല്ലാം സഫലീകരിച്ചിരുന്നു. പുലികോലം കെട്ടിയാടിച്ചും, അമ്പലം ഓടിടീച്ചും, പൂജാപാത്രങ്ങൾ തീർപ്പിച്ചും ജനങ്ങൾ ദേവപ്രസാദം വരുത്തിവന്നു.

അങ്ങിനെയിരിക്കുമ്പോൾ കേൾക്കാം അടുത്ത വീട്ടിലെ മൂത്ത കുറുപ്പിന്റെ മരണവൃത്താന്തം. മാറത്തടിച്ചും മുറവിളിച്ചും പെണ്ണുങ്ങൾ ചത്തവീടറിയ്ക്കുന്നു. ഉടനെ അയിലാളരെല്ലാം ഓടീട്ടും മണ്ടീട്ടും എത്തുകയായി; ദേശവാഴിയും നാടുവാഴിയും എണങ്ങും വരികയായി; തിക്കും തിരക്കുമായി; ജാതിമര്യാദക്ക് ദഹനംതന്നെ വേണമെന്ന് തീർച്ചപ്പെടുത്തുകയായി. വിളക്കും നിറയുംവെച്ച് നാളികേരം ഉടക്കുന്നു; ചന്ദനവും കൂവളവും മുറിക്കുന്നു; തെക്കുവടക്കായിക്കിടത്തി, പട്ടുപുടവയിട്ട ശരീരം പുറത്തേക്കു കൊണ്ടുവരുന്നു; തേച്ചുകുളിപ്പിച്ചു, സുഗന്ധം പൂശി, വീരാളിപ്പട്ടിൽ പൊതിയുന്നു; അമ്മാമന്ന് മൂന്നു വലത്തുവെച്ച് അരിയും നെല്ലുമിട്ട് ഏവരും തൊഴുന്നു; പൊൻപണമെടുത്ത് പട്ടിൻതലക്കൽ കെട്ടുന്നു; അന്നത്തെ കർമ്മവും കഴിഞ്ഞു ജനങ്ങളെല്ലാം പിരിയുന്നു; യഥാകാലം അസ്ഥിപെറുക്കി പട്ടിൽ പൊതിഞ്ഞു കൊള്ളിത്തലക്കൽ ബലി ചെയ്യുന്നു. "ശേഷിച്ച നെല്ലും അരിയും ചൊല്ലി, എടമുണ്ടൻ തെങ്ങിന്റെ തേങ്ങ ചൊല്ലി, വേടൻപുലാവിന്റെ ചക്ക ചൊല്ലി, വട്ടകപ്പുളിയന്റെ മാങ്ങ ചൊല്ലി......ആനക്കുഴിയിലെ മീനും ചൊല്ലി——" അങ്ങിനെ ഇലപുല പതിനാറും കഴിയുന്നു. മരുമക്കൾ കഴിച്ച ഇലപുലയെന്നു നാടെങ്ങും കേളി കേൾക്കണം.

മേൽവിവരിച്ച സാമാന്യം പ്രശാന്തമായ ഒരു ജീവിതത്തെ താറുമാറാക്കുന്ന പല സംഗതികളും അതിന്നിടക്ക് സംഭവിച്ചേക്കാം. മൂപ്പിളമവാദമോ കുടിപ്പിഴയോ കോട്ട കയ്യേറലോ പട കുറിയ്ക്കലോ അന്നത്തെ ജീവിതരീതിക്കു അസാധാരണമായിരുന്നില്ല. കോട്ടകളും കളരികളും നാടെങ്ങും നിറഞ്ഞ്, പ്രഭുതാവും കയ്യൂക്കും ഫണമുയർത്തിയ കാലമായിരുന്നു അത്. മാററാന്റെ വരവ് കരുതിയില്ലെങ്കിൽ കോട്ട കൈമാറാൻ പ്രയാസമുണ്ടായിരുന്നില്ല. വിരുതുള്ള യോഗ്യന്മാർ പണിചെയ്ത ഏഴു നിലയുള്ള കോട്ടകൾ; ഏഴു പടികൾ; ഏഴു കിടങ്ങുകൾ; കുപ്പി തറച്ച മതിലുകൾ; പീരങ്കിവെച്ച ഗോപുരങ്ങൾ; ഇരുമ്പുലക്കകൊണ്ടും ആനച്ചങ്ങലകൊണ്ടും അഴികൊളുത്തിയ വാതിലുകൾ; ചീനക്കുഴൽ വെക്കുന്ന നോട്ടക്കാർ; എയ്യുമ്പോളൊമ്പത്, കൊള്ളുമ്പോളായിരത്തൊന്നു എന്ന നിലയിൽ അമ്പും ഓട്ടും ചുട്ടെയ്യുന്ന അമ്പാടികൾ; പട്ടാളം; പന്തികൾ; പടക്കുതിരകൾ; പടനായ്ക്കൾ; വിസ്താരപന്തലുകൾ; കുത്താൻ കുന്തം; എയ്യാൻ എഴുത്താണിയുളി—ഈ മട്ടിലുള്ള മലയാളം സങ്കല്പിക്കാൻകൂടി പ്രയാസമായിരിക്കുന്നു. മര്യാദകെട്ടവനും മാനം കെടാത്തവനും ഒരുപോലെ യോജിച്ചവഴി പടനിലത്താണവസാനിച്ചിരുന്നത്. പൊന്നാശയും പെണ്ണാശയും ചോരകുടിച്ചുതന്നെ പുളച്ചുവന്നു. പടകുറിച്ച പടനായർ പടനോററ് നീങ്ങിപ്പാർക്കും; ഉണ്ണുന്ന കയ്യ് നിലത്തടിച്ചാൽ ഒപ്പം അടിക്കാൻ ഒരുക്കമുള്ള അനുചരന്മാരെത്തേണമെങ്കിൽ പടകാളിമുററത്തിറങ്ങി പടവിളി മൂന്നു വിളിക്കണം, അവരെല്ലാം മുഹൂർത്തംനോക്കി പടക്കും പുറപ്പെടും.

കുടിപ്പിഴയെസ്സംബന്ധിച്ചേടത്തോളം, മുള്ളുകുത്തിയാൽ മുള്ളുകൊണ്ടുതന്നെ എടുക്കേണമെന്നായിരുന്നു പൊതുവെയുള്ള അഭിപ്രായം. സംബന്ധമല്ലെങ്കിൽ സമരംതന്നെ മാനം പാലിക്കും. അമ്മാമനെ കൊന്നവരോട് ഉത്തരം ചോദിക്കാതിരിക്കുന്നത് മരുമക്കൾക്കോ പടക്കുറുപ്പിന്റെ മക്കൾക്കോ യോജിച്ചതായിരുന്നില്ല. തറവാട്ടിന്റെ കീർത്തിയും കളരിയുടെ കേളിയും നാട്ടിന്റെ വീര്യവും അവരുടെ കയ്യിലായിരുന്നു കിടപ്പ്. മുൻതണ്ടക്ക് ഊക്കും ചുറുചുറുക്കുമുള്ള ചെറുപ്പക്കാർ കുടിപ്പക പോക്കാൻ പുറപ്പെട്ടാൽ, പെററമ്മമാർ ആലിൻപഴംപോലെ കണ്ണീരൊലിപ്പിക്കുമെങ്കിലും ആ യാത്ര തടുത്തിരുന്നില്ല. നേരിട്ടു വെട്ടിമരിച്ചവൻ വീട്ടിന്നൊരു മാനംതന്നെ; ഒളിവാളുകൊണ്ട് മരിച്ചവന്ന് ആരും പുലകൂടി കുളിച്ചിരുന്നതുമില്ല. കുളം കണ്ടേടം കുളിച്ചും കല്ലു കണ്ടേടം തൊഴുതും പ്രാർത്ഥിച്ചുണ്ടായ മക്കളെങ്കിലും, കൊതിവശാലാർക്കും വിധിവരാത്തതുകൊണ്ട് വിധിവശാൽതന്നെ കാര്യം നടക്കട്ടെയെന്ന് പെററമ്മമാർ തീർച്ചയാക്കും; കുന്നത്തുവെച്ച വിളക്കുപോലെ ചെന്നേടം ചെന്നു ജയിപ്പാൻ അവർ ആശിസ്സും നൽകും. അമ്മാമന്റെ ചോരക്കച്ചതന്നെ മരുമകൻ കെട്ടും; വാചകം ചോദിച്ചടിച്ച് തലവെട്ടി കാറകൊട്ടും; നെയ്യപ്പം കുത്തിയെടുക്കുമ്പോലെ കണ്ണുരണ്ടും ചൂന്നെടുക്കും. കുററിപ്പാടിക്കാത്തവണ്ണം വെട്ടി, കൂമ്പും കുലയും നുള്ളി, വീടു കുളംകുത്തി, തലമുറ മുമ്പുള്ള പകവീട്ടും, പഴതീർക്കും, കോട്ടയെങ്കിൽ കൊടികുത്തും. പടസ്ഥലത്തും കുലനിലത്തും നില്ക്കരുതെങ്കിലും, ചതിയങ്കം വെട്ടിയതല്ലെന്നു നാടുവാഴിയും അയിലാളരും അറിഞ്ഞുപോകുന്നതാണു വെടിപ്പ്. ഉത്തരം ചോദിച്ചതു ഉചിതമായെന്നേ അവരെല്ലാം പറകയുള്ളു. സ്വപുത്രൻ തന്നില്ലം കണ്ടുതന്നെ മരിപ്പാനിടയായതിൽ പെററമ്മ പല്ലുവെളുക്കെ ചിരിയ്ക്കും.

ദേശവാഴിക്കും നാടുവാഴിക്കും ചിലപ്പോൾ മൂപ്പിളമവാദം തീർക്കാൻ കഴിഞ്ഞില്ലെന്നു വന്നാൽ, ക്ഷേത്രത്തിലെ തൃപ്പടിമേൽ വെള്ളിയും പൊന്നും പൊതിഞ്ഞുവെച്ചു, പൊന്നുകിട്ടുന്നവർക്കു മൂപ്പു വാഴാമെന്നു ഇരുകക്ഷിക്കാരും സമ്മതിച്ചെന്നു വരാം. വഴക്കവസാനിച്ചില്ലെങ്കിൽ നാടുവാഴിയുടെ അനുവാദത്തോടുകൂടി അങ്കം പിടിക്കാൻതന്നെ അവർ ഒരുങ്ങുന്നു. പിന്നെ ചേകോർപ്പുളപ്പുള്ള നാടന്വേഷിച്ചു ചേകോനെ ഉറപ്പിക്കാനുള്ള ശ്രമമായി. ചേകോനായി ജനിച്ചാൽ വാൾക്കണയിലാണ് ചോറ്; പ്രത്യേകിച്ചു പുത്തൂരംവീട്ടിലെ ചേകോന്മാർക്കു ഒരു നേർച്ചക്കോഴിയുടെ വയസ്സേ ഉണ്ടായിരുന്നുള്ളു. നെററിപ്പട്ടം, പകൽവിളക്കു, കുഴൽ, കുത്തുവിളക്കു, പഞ്ചവാദ്യം, പല്ലക്കു മുതലായ പല പ്രത്യേക ചിഹ്നങ്ങൾക്കും പുറമെ, തണ്ടായ്മസ്ഥാനവും വീട്ടായ്മസ്ഥാനവും കെട്ടും കിഴിയും അവർക്കുണ്ടായിരുന്നു. ഇരുൾക്കൊത്ത മുടിയഴകും, കുഞ്ഞിമുഖവും, കുറിയ കണ്ണും, കണ്ണാടി

(ശേഷം 10-ാം പേജിൽ)

കഥാപംക്തി

# കൊടുങ്കാററ്

## ശാരദ

(പകർപ്പവകാശം ഗ്രന്ഥകർത്താവിന്നു മാത്രം)

(1943 ഡിസെമ്പർ 17-ാം തിയ്യതി ലക്കത്തിൽനിന്ന് തുടർച്ച)

[മാലതിയെ മാധവൻ വിവാഹം ചെയ്യുകൊള്ളാമെന്ന് നിശ്ചയിക്കുകയും, വിവാഹദിവസം കുറിക്കുകയും ചെയ്തതിന്നുശേഷം ചില അപ്രസ്താവ്യ ളായ സംഗതികളാൽ മാധവൻ ഈ തീർപ്പിനെ അലസിപ്പിക്കുകയും, തന്മൂലം മാലതിയുടെ അച്ഛൻ കുറുപ്പിന്നും, ആങ്ങള രാമകൃഷ്ണന്നും, അതികഠിനമായ ആശാഭംഗം വരികയും, അതിനെ സ്നേഹിതൻ കുമാരൻ പോഷിപ്പിക്കുകയും ചെയ്യുന്നു. ഈ ഘട്ടത്തിൽ മാധവന്ന് രാധയെന്നു പേരായ മററൊരു യുവതിയുമായി ചില ബന്ധങ്ങളുണ്ടെന്ന് രാമകൃഷ്ണനും കുമാരനും മാധവൻെറ വീട്ടിൽ വെച്ചു കണ്ടുപിടിക്കുന്നു.]

XII

രാമകൃഷ്ണൻ : മാധവാ, ഇപ്പോൾ അകത്തേക്കു എണീട്ടു പോയ പെണ്ണ് ഏതാടൊ ?

മാധവൻ : അത് എൻെറ ഒരു ബന്ധുവാണ്.

രാമകൃഷ്ണൻ : എന്താണ് ബന്ധുത്വം ? തൻെറ ബന്ധുക്കളെപ്പററി എല്ലാം താൻ എന്നോടു പറഞ്ഞിട്ടുണ്ടല്ലൊ. ഇങ്ങിനെ ഒരു ബന്ധുവിനെപ്പററിയുള്ള സംസാരം ഇതേവരെ ഉണ്ടായതായി ഞാൻ ഓർക്കുന്നില്ല.

കുമാരൻ : രാമകൃഷ്ണാ, താനെന്താണ് അസംബന്ധം ചോദിക്കുന്നത് ? സ്നേഹിതന്മാരിൽനിന്നു കൂടി മറച്ചുവെക്കത്തക്ക സ്വകാര്യങ്ങൾ മനുഷ്യനില്ലെന്നൊ ?

രാമകൃഷ്ണൻ : മാധവാ, ഇതു അങ്ങിനെയൊരു സ്വകാര്യമാണൊ ?

മാധവൻ : അതെ, ഇതങ്ങിനെയുള്ള ഒരു സ്വകാര്യമാണ്. ഈ പെണ്ണിനെപ്പററി നിങ്ങളോടു സംസാരിക്കേണമെന്ന് ഞാൻ വിചാരിക്കുന്നില്ല.

രാമകൃഷ്ണൻ : പക്ഷെ, ഈ പെണ്ണിനെപ്പററിത്തന്നെയാണ് തന്നോടെനിക്കു ചിലതു ചോദിച്ചറിവാനുള്ളത്. മാലതിയെ വിവാഹം ചെയ്തുകൊള്ളാമെന്ന് താൻ ഏററ് പോന്നിരിക്കുന്നതുകൊണ്ടാണ് ഇക്കാര്യത്തിൽ എനിക്കിത്രവാശി. ഇല്ലെങ്കിൽ താൻ ഏതു പെണ്ണിൻെറ ഒന്നിച്ചു കൂത്താടിയാലും എനിക്കൊരു തേങ്ങാക്കുലയുമില്ല.

മാധവൻ : ഒരു സംഗതി ഞാൻ പറയാം. മാലതിയെ എൻെറ മനസ്സാക്ഷിയെ യാതൊരു വിധേനയും വഞ്ചിക്കാതെ വിവാഹം ചെയ്യാതിരിക്കത്തക്ക ഒരു പ്രേമബന്ധം മററൊരു സ്ത്രീയുമായിട്ടെനിക്കില്ലെന്ന് തീർച്ചയാണ്.

രാമകൃഷ്ണൻ : തൻെറ മനസ്സാക്ഷിക്കു ഒരുപക്ഷെ ഇതിലും വലിയ അക്രമങ്ങൾ ചെയ്താലും ഒരു തകരാറും ഉണ്ടായിയെന്ന് വരികയില്ല. എന്നാൽ മാലതിയുടെ സ്വജനങ്ങൾക്കു അങ്ങിനെയാവാൻ വഴിയില്ല. ഒരു കാര്യം ഞാൻ തന്നോടു ചോദിക്കട്ടെ; ഈ പെണ്ണും താനുമായി യാതൊരു ബന്ധമില്ലെങ്കിൽ പിന്നെ എന്തിനാണ് താൻ ഇവളെ ഇവിടെ സ്വകാര്യത്തിൽ താമസിപ്പിച്ചിരിക്കുന്നത് ?

മാധവൻ : ഞാൻ അത് പറഞ്ഞുകഴിഞ്ഞാൽ അതിനെ സംബന്ധിച്ചുള്ള സ്വകാര്യമെല്ലാം പുറത്താവും. സ്വകാര്യങ്ങളന്വേഷിച്ചറിയാതെ ഞാൻ പറയുന്നതു തനിക്കു വിശ്വസിച്ചുകൂടെ ?

രാമകൃഷ്ണൻ : ഈ പെണ്ണിൻെറ പേര് രാധയെന്നല്ലെ ?

മാധവൻ : അതെ.

രാമകൃഷ്ണൻ : തൻെറ ഭാര്യയെന്ന നിലയിലല്ലെ താൻ അവളെ വെച്ചുകൊണ്ടിരിക്കുന്നത്.

മാധവൻ : അതെ.

രാമകൃഷ്ണൻ : ഈ സ്ഥിതിക്കു തന്നെ വിശ്വസിക്കാൻ കൊള്ളുമൊ ? അവൾ തൻെറ ഭാര്യയല്ലെന്നല്ലെ താൻ ഇപ്പോൾ ഞങ്ങളോടു പറഞ്ഞുകൊണ്ടുവരുന്നത്. എന്നാൽ നാട്ടിൽ മുഴുവനും അവൾ തൻെറ ഭാര്യയാണെന്ന് താൻ പറഞ്ഞു നടക്കുകയും ചെയ്യുട്ടുണ്ട്. താൻ നല്ലൊരു മര്യാദക്കാരനല്ലെന്ന് ഇതുകൊണ്ട് തെളിയുന്നുണ്ടല്ലൊ.

കുമാരൻ : എന്നുവെച്ചാൽ, മര്യാദയെപ്പററി പ്രസംഗിക്കുമ്പോൾ ഇതൊരു ഉദാഹരണമായി പറയാൻ പാടില്ലെന്നല്ലെ. അതു പൊട്ടെ, സാരമില്ല. പ്രസംഗിക്കുമ്പോലെത്തന്നെ എല്ലാം ചെയ്വാൻ സാധിച്ചുവെന്ന് വരില്ല. എന്നുമാത്രമല്ല, എല്ലാവരോടും ഒരേ സംഗതിയെപ്പററി ഒരേ മാതിരിത്തന്നെ പറയേണമെന്നില്ല. അങ്ങിനെയിരിക്കെ, നാട്ടുകാരോടു മാധവൻ എന്തു പറഞ്ഞിട്ടുണ്ടെങ്കിലും, ഒരുപക്ഷെ തന്നോടു പറഞ്ഞതാണ് യഥാർത്ഥമെന്ന് വന്നുകൂടെന്നുണ്ടൊ ?

മാധവൻ : കൂട്ടരെ, നിങ്ങളോടു തർക്കിക്കുവാൻ ഞാനാളല്ല. മാലതിയെ ഞാൻ വിവാഹം ചെയ്യുന്നതുകൊണ്ടു അവൾക്കു ഒരു ദോഷവും വരുവാനില്ലെന്ന് എനിക്കറിയാം. രാധയെ സംബന്ധിച്ച് നിങ്ങളുമായി ഒരു വാദപ്രതിവാദം നടത്തുവാൻ ഞാൻ ഒരുക്കമില്ലെങ്കിൽ അതിന്ന് തക്കതായ കാരണമുണ്ട്. നിങ്ങൾ എന്നെ എന്തുതന്നെ തെററിദ്ധരിച്ചാലും ഞാൻ അങ്ങിനെ ചെയ്യുന്നത് തെററാണെന്ന് എനിക്കറിയാം. എൻെറ സ്വന്തം മാനാഭിമാനത്തെ സംബന്ധിക്കുന്ന കാര്യമാണെങ്കിൽ ഞാൻ നിങ്ങളിൽ നിന്നൊന്നും മറച്ചു വെക്കയില്ല. എന്നാൽ അന്യൻെറ ഭാവിയെ സംബന്ധിക്കുന്ന കാര്യത്തിൽ ഞാൻ ഒരിക്കലും അങ്ങിനെ ചെയ്കയില്ല.

രാമകൃഷ്ണൻ : താൻ മാലതിയോടു സംഗതികളെല്ലാം പറഞ്ഞിട്ടുണ്ടൊ ?

മാധവൻ : ഇല്ല ; വിവാഹത്തിന്നുശേഷമെ ഞാൻ പറകയുള്ളു. അവൾക്കു കേൾക്കാനിഷ്ടമാണെങ്കിൽ ഇപ്പോൾ തന്നെ പറയുന്നതിന്നും എനിക്കു വിരോധമെന്നുമില്ല.

രാമകൃഷ്ണൻ : രാധയോടു ഞാൻ ഇതിനെപ്പററി ചില ചോദ്യങ്ങൾ ചോദിക്കട്ടെ ?

മാധവൻ : ഒരിക്കലും പാടില്ല. ഞാൻ ഒരു കുററക്കാരനാണെങ്കിൽ എന്നെ എന്തു ശിക്ഷക്കും വിധിച്ചുകൊള്ളു ; വിരോധമില്ല. രാധ നിരപരാധിയാണ് ; തൻെറ ദുശ്ശാഠ്യങ്ങൾക്കു സമാധാനം പറവാനുള്ള പ്രാപ്തി അവൾക്കില്ല.

രാമകൃഷ്ണൻ : എനിക്കു അറിയേണ്ടതെല്ലാം ഞാൻ അറിഞ്ഞു കഴിഞ്ഞു. തൻെറ കയ്യിൽനിന്നു തന്നെ വേണ്ട തെളിവുകളെല്ലാം കിട്ടിയിരിക്കുന്നു. ഒരു കാര്യം നല്ലവണ്ണം തൻെറ ഓർമ്മയിലിരിക്കട്ടെ ; എൻെറ പടിക്കകത്തു താൻ കടന്നാൽ കാല് ഞാൻ തച്ചൊടിക്കും. മാത്രമല്ല, താൻ മാലതിയുമായി യാതൊരു കത്തെടവാടുകളും നടത്തിപ്പോകരുത്. അങ്ങിനെ ചെയ്താൽ തൻെറ കള്ളിയെല്ലാം ഞാൻ വെളിച്ചത്താക്കും. അല്ലാത്തപക്ഷം, മാധവൻ മാലതിയെ വിവാഹം ചെയ്യാതിരിപ്പാൻ കാരണം എൻെറ അനുകൂല്യമില്ലായ്മയാണെന്നുമാത്രമെ ഞാൻ പറയുകയുള്ളു. എന്താണ് തന്നെ ഞാൻ ഈ ഘട്ടത്തിൽ അപമാനിക്കാതെ വിടുന്നതെന്ന് സംശയിക്കേണ്ടാ ; ഈ കല്യമാലിൽ എൻെറ സഹോദരിയും പെട്ടിട്ടില്ല. ഇല്ലെങ്കിൽ ചെയ്യേണ്ടതു് എനിക്കറിയാം. ഒടുവിൽ ഒരപേക്ഷ ചെയ്യുന്നു. താനും മാലതിയുമായി പരിചിതന്മാരാണെന്നു കൂടി മേലിൽ നടിച്ചുപോകരുത്. തൻെറ രക്ഷക്കു വേണ്ടി താൻ ഇക്കാര്യത്തിൽ ശ്രദ്ധവെക്കേണ്ടതാണ്.

കുമാരൻ : നാണവും മാനവുമില്ലാത്ത ഒരുത്തനെ എത്രകണ്ടു ചീത്ത പറയാം. തൻെറ വായ് കടയുന്നില്ലെ. നോക്ക്പോകാം. മാധവാ, മുഷിയണ്ട, കിട്ടോ. ഞങ്ങൾ പോയിവരട്ടെ.

ഈ ശകാരങ്ങളും പരിഹാസവുമെല്ലാം കേട്ട മാധവന്നു ദേഹമാസകലം തരിച്ചു. വീട്ടിൽനിന്നു പുറത്തുപോയി അല്പനേരം നടന്നുവന്നെങ്കിലൊ എന്നു കരുതിയെങ്കിലും, രാധയെ വീട്ടിൽ ഒററക്കു നിർത്തി പോകാൻ മാധവന്നു ധൈര്യമുണ്ടായില്ല. അതിനാൽ അകത്തേക്കു കടന്നു രാധയിരിക്കുന്ന മുറിയിലേക്കു ചെന്നു. കാര്യങ്ങൾ യാതൊന്നും മനസ്സിലാകാതെ കിടാങ്ങളുടെ നിർവ്യാജബുദ്ധിയോടു കൂടി ജനവാതിലിന്മേൽ കയറിയിരിക്കയായിരുന്നു അവൾ. മാധവൻ അവളുടെ അരികത്തു ചെന്നു നിലത്തിരുന്നു.

രാധ : ഏതാണ് ഇവർ രണ്ടാളും ? ഇന്ന് രാവിലെ അവർ സ്കൂളിൽ വന്നിരുന്നു.

മാധവൻ : രാധയുടെ സ്കൂളിലൊ ?

രാധ : എന്തായിരുന്നു അവർ സംസാരിച്ചിരുന്നത് ?

മാധവൻ : ഞാനും രാധയുമായിട്ടുള്ള ബന്ധം എന്താണെന്നവർക്ക് അറിയണമത്രെ.

രാധ : എന്നിട്ടൊ ; പറഞ്ഞു കൊടുത്തില്ലെ

മാധവൻ : നാം തമ്മിൽ യാതൊരു ബന്ധവുമില്ലെന്നാണ് ഞാൻ മറുപടി പറഞ്ഞത്.

രാധ : വിഡ്ഢിത്തം പറയാതിരിക്കു.

ഈ ഘട്ടത്തിൽ അവരുടെ യഥാർത്ഥ വർത്തമാനങ്ങളെ കുറിച്ച് അവളെ ധരിപ്പിച്ചെങ്കിലൊ എന്ന് മാധവന്ന് തോന്നി. അപ്പോൾ പെട്ടെന്ന് രാധ : അയ്യൊ, മാങ്ങപ്പൂളാതാ നാലഞ്ചെണ്ണം ഒന്നിച്ച് കാക്ക കൊത്തിക്കൊണ്ടുപോകുന്നു. എന്നും പറഞ്ഞ് പുറത്തളത്തിൽ പോയി മാങ്ങ പൂണ്ട് വെച്ചതെല്ലാം എടുത്തുകൊണ്ടുവന്നു.

രാധ : എന്താ ഈ മാങ്ങായൊട്ടും തിന്നാത്തത്, എന്നു ചോദിച്ച് പിഞ്ഞാണം മാധവൻെറ മുമ്പിൽ വെച്ചു.

മാധവന്നാകട്ടെ രുചിയെല്ലാം പോയിരിക്കുന്നു.

മാധവൻ : രാധക്കു വേണ്ടേ. രാധയും കുറെ തിന്നു

രാധ : അങ്ങേക്കു വേണ്ടതു തിന്നു ബാക്കിയുണ്ടെങ്കിൽ ഞാൻ തിന്നു കൊള്ളാം. അഗ്രാശനീ, മന്യഗൃഹപ്രവേശനീ, ഭാര്യാം ത്യജേൽ പുത്രദാശപ്രസൂതികാം; എന്നു് കഴിഞ്ഞാഴ്ചയാണു് മലയാളമുൻഷി ഞങ്ങളെ പഠിപ്പിച്ചതു്.

തന്റെ ഭാര്യാപദം ഇവൾ മനസ്സാലെ സ്വീകരിച്ചിരിക്കുന്നുവെന്നും, അതു് ഒരു ധർമ്മപത്നിക്കുചിതമായ നിലയിൽ നടത്തുവാനുദ്ദേശിക്കുന്നുവെന്നും മാധവനു് തോന്നിയതോടുകൂടി അവന്റെ കണ്ണിൽ വെള്ളം നിറഞ്ഞു. അതിനെ പുറത്തേക്കു കാണിക്കാതെ, ബദ്ധപ്പെട്ടുകൊണ്ടു് മാങ്ങപൂണ്ടു വെച്ചതു് കറിയെല്ലാം എടുത്തു് തിന്നു. "രാധേ, ഇന്നു് രാത്രി നമുക്കു നാട്ടിലേക്കു പോണം." എന്നു് രാധയോടു ഒരു കുശലവും പറഞ്ഞു.

രാധ : എനിക്കു നാട്ടിൽ പോകാനിഷ്ടമില്ല.

മാധവൻ : എന്നാൽ സ്കൂളിൽ താമസിക്കുന്നുവോ.

രാധ : ഇനി എന്നെ സ്കൂളിലേക്കു പറഞ്ഞയക്കല്ലെ. അവിടെയുള്ള പെൺകുട്ടികളെല്ലാം അങ്ങെപ്പറ്റി എന്നോടു ചോദിക്കുന്നു. അതൊക്കെ കേൾക്കുമ്പോൾ എനിക്കു ലജ്ജയാവുകയാണു്.

മാധവൻ : എന്നെപ്പറ്റി അവർ ചോദിക്കുമ്പോൾ രാധ എന്താണു് പറയാറു്.

രാധ : ഞാൻ ഒന്നും പറയാറില്ല. സ്കൂൾ പൂട്ടിയകാലത്തു എന്തിനാണു് രാധയെ ഇവിടെ താമസിപ്പിക്കുന്നതെന്നു് അവർ ചോദിക്കാറുണ്ടു്. ഞാൻ——എന്നു പറഞ്ഞപ്പോഴേക്കും രാധയുടെ കണ്ണിൽ വെള്ളം വന്നു. വ്യസനം സഹിക്കാൻ വയ്യാതെയായി.

രാധയെ എന്തു ചെയ്യേണമെന്നു് മാധവനു് വിവരമില്ലാതെ വശായി. മാലതിയുടെ പരിഭവവും മുഷിച്ചലും ഒരു വിധത്തിലും താങ്ങുവാൻ സാധിക്കുന്ന വ്യസനവുമല്ലായിരുന്നു. ഈ വിധം മനസ്സിന്നു് സുഖമില്ലാതെ ഇരിക്കുമ്പോൾ

രാധ : എന്താണു് അങ്ങേടെ മനസ്സിന്നു് ഒരു സുഖക്കേടു്. ഞാൻ സ്കൂളിൽ താമസിക്കാതെ പോന്നതു് അങ്ങേക്കിഷ്ടമായില്ലെന്നോ? നാട്ടിലേക്കു പോയി താമസിക്കുന്നതു് അങ്ങേക്കിഷ്ടമാണെങ്കിൽ ഞാൻ വന്നേക്കാം. എനിക്കു വിരോധമില്ല. അവിടുത്തെ കൂടെ താമസിക്കുമ്പോൾ മററു് സുഖദുഃഖങ്ങളെപ്പററി യാതൊന്നും ഞാൻ ചിന്തിക്കുന്നില്ല.

മാധവൻ : എനിക്കു രാധയോടു യാതൊരു സുഖക്കേടുമില്ല. വല്ല സുഖക്കേടുമുണ്ടെങ്കിൽ എന്നോടു തന്നെയുള്ളവയാണു്.

രാധയുടെ മനസ്സിനെ അഹ്ലാദിപ്പിക്കാനായി പലേ വിധത്തിലും മാധവൻ ശ്രമിക്കുകയും, അതിന്നു വേണ്ടി തന്റെ മൌഢ്യം തീർക്കാനുള്ള വഴികളെ ഓരോന്നോരോന്നായി ചിന്തിക്കുകയും ചെയ്തു. എങ്ങിനെയായാലും കോഴിക്കോട്ടു് താമസിച്ചു കൊണ്ടു് അപവാദത്തിൽനിന്നു രക്ഷപ്പെടുവാൻ നിവൃത്തിയില്ലെന്നു് മാധവൻ തീർച്ചയാക്കി.

(തുടരും)

(8-ാം പേജിൽനിന്നു തുടർച്ച)

കവിളും, അരിമ്പൻ മീശയും ആരോമൽത്താടിയും മാമ്പുള്ളിയും പൂഞ്ചൊണങ്ങും കട്ടിൽക്കാലൊത്ത മുട്ടുകാലും കൂടിച്ചേർന്നാൽ ദൃഢശരീരനായ ഒരു ചേകോന്റെ ചിത്രമായി. നരകൊണ്ടാലും പല്ലു പോയാലും, അങ്കത്തിന്നുമാത്രം ബാല്യം പാലിച്ചുപോന്ന ചേകോന്മാർക്കു കൈക്കണക്കില്ലാത്ത വെട്ടും നീട്ടും കളരിയടച്ചിരുപ്പും ചേർന്നതായിരുന്നില്ല. ചേകോനെ ഉറപ്പിയ്ക്കണമെങ്കിൽ അങ്കം പിടിച്ചു പഴക്കവും അങ്കക്കിഴിവെച്ചു തഴക്കവും ധാരാളം ഉള്ളവർ വേണം. വീട്ടുകിഴിക്കും നാട്ടുകിഴിക്കും അങ്കക്കിഴിക്കും പുറമെ ചേകോൻ പറഞ്ഞ കിഴിയെല്ലാം വെക്കുവാൻ തയ്യാറാകണം. അപ്പോഴേക്കു അങ്കത്തട്ടും പണകിഴിയും. കൊല്ലനു് പതിനാറു പണം കൊടുത്താൽ, കണയിൽ ചെമ്പാണിവെച്ചു മുറുക്കി, പൊൻകാരംവെച്ചു വിളക്കി, വെള്ളിക്കാരംകൊണ്ടു പൊടിതുടച്ചു ചുരികയും അവൻ കടഞ്ഞുതരും; മനം വിളങ്ങണമെങ്കിൽ ചുരിക വിളങ്ങണം.

നിശ്ചിതദിവസം വന്നുചേർന്നാൽ ചേകോന്റെ അങ്കയാത്രയായി. അങ്കച്ചമയത്തിന്റെ പ്രത്യേകലക്ഷണം അങ്കക്കുറിയത്രെ. മെയ്യാഭരണപ്പെട്ടിയിലെ അങ്കപ്പട്ടു തെരുത്തുടുക്കും; നാല്പത്തിരണ്ടുമുഴം നീളം വരുന്ന പുള്ളിക്കച്ച കുഴലിൽനിന്നു വലിച്ചെടുത്തു, ആകാശം ചൂണ്ടിയെറിഞ്ഞു, അഞ്ചാളുയരം വരുന്നതിന്നുമുമ്പിൽ പകിരിതിരിഞ്ഞു കെട്ടും; വടക്കൻ ഞെറിവെച്ചു ഞായംവെച്ചും, തെക്കൻ ഞെറിവെച്ചു കൂന്തൽവെച്ചും, ആനമുഖവും കുതിരമുഖവും വെച്ചും, അങ്കവാലുഴിഞ്ഞും കച്ചകെട്ടും; അരഞ്ഞാളും അനന്തൻതോടയും, പൊന്നുതൊപ്പിയും പൊന്മോതിരവും, ഉറുമാലും, നാഗമാലയും, ഇടമ്പിരിവലമ്പിരി വളകളും അതാതു ഭാഗങ്ങൾ അലങ്കരിക്കും; വെൺമുരുക്കു പൂത്തുലന്നപോലെ ചേകോൻ പ്രശോഭിക്കും. അങ്കക്കരിനാഗത്തെ അരിനനച്ചു വന്ദിച്ചു, ചുരികയും പരിചയും തൊഴുതെടുക്കും; കളരിക്കുരുക്കൾ നെറുകയിൽ കൈവെച്ചു വരവും കൊടുക്കും. ഇരുട്ടത്തിടിവാൾ മിന്നുമ്പോലെയുള്ള ആ ചമയത്തിൽ കോയ്മകൾ പോലും വിറക്കും, നാടുവാഴിപോലും നടുങ്ങും. പരിച തുടയ്ക്കടിച്ചാൽ മുക്കാതം പട ഞെട്ടുങ്ങണം, കാക്കാതം നാടു കുലുങ്ങണം; ചുരികയൊന്നിളക്കിയാൽ കളരിയൊന്നു വിറയ്ക്കണം. ഉടനെ തിരക്കും ആർപ്പും വിളിയും കൊമ്പും കുഴലുമായി എല്ലാവരും അങ്കത്തട്ടിലേക്കു യാത്രയാകും.

അനന്തരകൃത്യം തച്ചന്റെ കയ്യിൽനിന്നു തട്ടു കയ്യേൽക്കുന്നതാണു്. പീഠത്തിന്മേൽ വെച്ച തളികനിറയോളം വെള്ളരിനിറച്ചു, നാളികേരവും രാശിപ്പണവും പൂജാസാമഗ്രികളും തെയ്യാറാക്കിയാൽ തച്ചൻ കുളിച്ചു, തറവുടുത്തു, മൂന്നു വലംവെച്ചു തട്ടു വഴങ്ങിക്കുന്നു. കയ്യിൽ മുറിച്ചുരികയായാലും ശരി, തട്ടിൽ മുറിപ്പലകയായാലും ശരി, ചേകോൻ തട്ടു വലത്തുവെച്ചു കോണിചാരിക്കേറും; മെയ്യോ തുണ്ടിയവനെങ്കിൽ, ഏഴടി പിന്നോട്ടുമാറി, മൂന്നടി മുന്നോട്ടുവെച്ചു വൈരം മറിഞ്ഞു, മയിൽ പറന്നിരിക്കുമ്പോലെ തട്ടിൽ ചെന്നിരിക്കും.

അങ്ങിനെ ദേശവാഴിയുടേയും നാടുവാഴിയുടേയും മഹാജനങ്ങളുടേയും സന്നിധാനത്തിൽ അങ്കം തുടങ്ങുകയായി. കളിയായുള്ള കോഴിയങ്കം കഴിഞ്ഞാൽ കാര്യമായുള്ള ആളങ്കത്തിലേക്കു കടക്കും. കൂകിത്തെളിഞ്ഞു, പാഞ്ഞുകൊത്തി, ഇടമാററം മാറി, ഭംഗിയിൽ പൊരുതുന്ന കോഴികളുടെ ജയാപജയങ്ങളെ, ആളങ്കത്തിന്നു ഒരു ശകുനമായി ഗണിച്ചിരിക്കാം. അങ്ങിനെ ആവേശം മൂക്കുന്നു. അങ്കക്കലി കേറിക്കേറി, അതാ ശരീരം ആലിലപോലെ വിറയ്ക്കുന്നു; ജനഹൃദയം പൂർവ്വാധികം തുടിയ്ക്കുന്നു. സരസ്വതിയങ്കവും ഗണപതിയങ്കവും ഊന്നിമറിഞ്ഞു വെട്ടുന്നു; കോൽത്താരിയങ്കം പിടിച്ചു അഞ്ഞൂറും മൂന്നൂറും നീട്ടുനീട്ടി, വാൾത്താരിയങ്കം പിടിച്ചു അഞ്ഞൂറും മൂന്നൂറും വെട്ടുവെട്ടുന്നു; ഇടമ്പിരി വലമ്പിരി തിരിഞ്ഞു വെട്ടി ഓതിരം പാഞ്ഞു തിരിഞ്ഞുവെട്ടുന്നു; കുതിരപ്പാച്ചൽ തിരിഞ്ഞും ആനത്തിരിപ്പു മറിഞ്ഞും വെട്ടുന്നു; വലംവെച്ചു വെട്ടുമ്പോൾ പന്തിയിലമർന്നു തടുക്കുന്നു; പരിചയിൽ ചുരുങ്ങിപ്പാഞ്ഞു, മേലായംകൊണ്ടു കുതിച്ചു പറന്നുവെട്ടുന്നു; ചോരത്തിളപ്പുള്ള ചുരിക ഇടിവാൾപോലെ ഇളകുന്നു; പുത്തനിടിപ്പോലെ പരിച മുട്ടുന്നു. ഈററപ്പുലികൾപോലെ, നിലത്തിറങ്ങിവെട്ടുന്ന ഇടിപോലെ അവർ പൊരുതുന്നു. പരാക്രമവും പരക്കംപാച്ചലും എതിരാളി വീഴുന്നതോടുകൂടി നിലയ്ക്കുന്നു. അങ്കം ജയിച്ചാൽ മൂന്നുകൂടിയാർത്തു വെടിവെയ്ക്കും; മൂപ്പിളമവാദവും തീർച്ചയാകും.

ഇങ്ങിനെ ആണുങ്ങളും പെണ്ണുങ്ങളും ആണത്തമുള്ള പെണ്ണുങ്ങളും അങ്കത്തെ അഭിമാനത്തിന്റെ പുളപ്പായും കളരിയെ പൌരുഷത്തിന്റെ കേളീരംഗമായും ഗണിച്ചുവന്നു. കടംകൊണ്ടാൽ കിട്ടാത്ത മാനം വിടാതിരിപ്പാൻ അവർ മരണംതന്നെ വരിച്ചിരുന്നു. എങ്കിലും അറിയാതെ ചെയ്ത പിഴ അറിവുള്ളവർ പൊറുക്കുന്നതല്ലാതെ, കുനിഞ്ഞു കാൽപിടിച്ചാൽ കുടഞ്ഞാരും ചവുട്ടിയിരുന്നില്ല. അപവാദം ജീവിതഗാനത്തിന്നൊരപസ്വരം തന്നെയാകയാൽ, ഏകനെ ത്യജിച്ചിട്ടും കുലത്തെ രക്ഷിക്കുന്നതായിരുന്നു അന്നത്തെ ധർമ്മം. സ്ത്രീസ്വാതന്ത്ര്യത്തിലും സ്ത്രീപുരുഷസമത്വത്തിലും സാമാന്യം അടിയുറച്ച ഒരു സാമുദായികഘടന ഉത്തരകേരളത്തിൽ വളരെക്കാലത്തോളം നിലനിന്നുപോന്നു. നാട്ടാചാരം തന്നെയായിരുന്നു 'നിയമം. നാടുവാഴുന്ന തമ്പുരാനും ദേശവാഴിയും നാട്ടാചാരത്തിന്റെ ദാസന്മാർ മാത്രമായിരുന്നു. അങ്കവും കുടിപ്പകയുമെല്ലാം നാട്ടാചാരത്തിന്റെ ഘടകങ്ങളായിരുന്നു. തീണ്ടും കുലമായാലും, തീണ്ടാക്കുലമായാലും, ഒത്തവർ കേട്ടാൽ മാനിക്കുന്ന കർമ്മങ്ങളെ ആരും ചെയ്തിരുന്നുള്ളൂ. പതിവില്ലാത്തതു ആരും തുടങ്ങിയിരുന്നില്ല. ചക്കുവെച്ചാട്ടുന്ന വാണിയനും, കുന്തംപിടിക്കുന്ന നായരും, കാൽക്കു തളയിട്ട തിയ്യനും, തൊപ്പിയിട്ട ജോനകനും, വട്ടിമുറം ഓണക്കാഴ്ച വെയ്ക്കുന്ന വള്ളോപ്പുലയനും, ഊരിലിരിക്കുന്ന പാണനും, ചരക്കുവില്ക്കുന്ന ചെട്ടിയും പരമ്പരാസിദ്ധമായ ജീവിതചര്യയിൽനിന്നും പുറത്തുചാടിയിരുന്നില്ല. അന്നു പൂണുനൂലിട്ടാലേ നമ്പൂതിരിയാവുള്ളൂ; പുലസ്യം അണിഞ്ഞാലേ നായരാവുള്ളൂ; മങ്കയാവണമെങ്കിൽ മംഗല്യമണിയണം; ചേകോനാവണമെങ്കിൽ അങ്കം പിടിയ്ക്കണം.

നാടുവാഴി സ്വേച്ഛാധികാരിയായ രാജാവായതോടുകൂടി സാമുദായികഘടന പല പരിവർത്തനങ്ങൾക്കും വിധേയമായി. അങ്കത്തിന്റെ സുവർണ്ണകാലം കഴിഞ്ഞു; ജനങ്ങളുടെ മനഃസ്ഥിതി മാറിത്തുടങ്ങി. കച്ചവടത്തിന്നായിവന്ന വിദേശീയർ പശ്ചിമദേശത്തെ യുദ്ധരീതികൾ നാടെങ്ങും പരത്തി; ആളങ്കം ചേരിയങ്കമായി വഴിതിരിഞ്ഞു. പിന്നിട്ടു് മൈസൂരിൽനിന്നുവന്ന മലവെള്ളത്തിൽ മലയാണ്മയുടെ രാഷ്ട്രീയഘടനതന്നെ കുത്തിയൊലിച്ചുപോയി. ബ്രിട്ടീഷുഭരണം ആരംഭിച്ചതോടുകൂടി, യുദ്ധസമ്പ്രദായങ്ങളും നിലച്ചു; കുടിപ്പക വീട്ടലും തീർന്നു. വ്യക്തി, വ്യവസ്ഥാപിതമായ ഭരണകൂടത്തിന്നും നിയമനടപടികൾക്കും കീഴടങ്ങി. പുറനാട്ടുകാരായി ക്രമേണ അഭിവൃദ്ധിപ്പെട്ടുവന്ന ബന്ധം ജീവിതചര്യയിൽ പല പരിഷ്ക്കാരങ്ങളും വരുത്തിത്തീർത്തു. വടക്കൻ പാട്ടുകൾ കുറിക്കുന്ന, പെരുമാക്കന്മാർക്കു ശേഷമുള്ള ഏതാനും ശതാബ്ദങ്ങളും സംസ്കാരവും ഭാവനയ്ക്കു മാത്രം അവശേഷിച്ചു, കാലത്തിന്റെ ഗഹനമായ നിശ്ശബ്ദതയിലേയ്ക്കു അടിഞ്ഞുപോയി.

(കേരളോപഹാരത്തിൽനിന്നു്)

# വമ്പിച്ച പ്രദർശനങ്ങളും മഹാമഹങ്ങളും

## പള്ളിക്കുറുപ്പ് ഉത്സവകാലത്തു ദേശീയസമര മുന്നണിവക

മലബാർ ജില്ലയിൽ വള്ളുവനാട്ടു താലൂക്കിലെ തച്ചംപാറ (തച്ചമ്പാറ) അംശം താലൂക്കിന്റെ കിഴക്കേ അററത്തു കിടക്കുന്ന അംശങ്ങളിലൊന്നാണ്. പ്രസ്തുത അംശത്തിലെ ഒരു ദേശവും റോഡ്‌വിട്ടു മൂന്നു നാഴിക ദൂരെ സ്ഥിതി ചെയ്യുന്ന ഒരു കുഗ്രാമവുമാണ് "പള്ളിക്കുറുപ്പ്." അവിടത്തെ ക്ഷേത്രത്തിൽ കൊല്ലംതോറും ഉത്സവം കൊണ്ടാടാറുണ്ട്. ഉത്സവത്തിന്നു ഒട്ടു വളരെ ആളുകളും എത്തിച്ചേരാറുണ്ട്. ഇക്കുറി ആ ഉത്സവം 1944 ജനവരി 10-ാംനു- തുടങ്ങി 16-ാംനു- കൂടിയ ഒരാഴ്ചയിലാണു നടത്തപ്പെട്ടതു്. ഈ സന്ദർഭത്തെ മലബാറിലെ ദേശീയ സമര മുന്നണി ജനങ്ങൾക്കു നേരുള്ളമാർഗ്ഗം കാണിക്കുവാൻ ഒരു സന്ദർഭമായെടുത്തു. അവിടെ ഒരു പ്രദർശനമേർപ്പെടുത്തുകയും, മഹായോഗങ്ങൾ ചേർന്നു പ്രചാരവേല നടത്തുകയും ചെയ്തു. ദേശീയ സമര മുന്നണിയുടെ ജില്ലാ മേധാവിയായ റാവ് ബഹദൂർ എം. കുഞ്ഞിരാമൻ നായരവർകളുടെ മഹനീയ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ട ഈ പ്രദർശന—പ്രചാര കേന്ദ്രം ഏററവും വിജയകരമായ ഒന്നായിരുന്നുവെന്നുമാത്രമല്ല, ആയിരക്കണക്കായ ആളുകൾക്കു പ്രയോജനകരമായ വിവരങ്ങൾ പ്രദാനം ചെയ്ത ഒരു വിജ്ഞാനവിതരണകേന്ദ്രവും കൂടിയായിരുന്നു.

പള്ളിക്കുറുപ്പ് ക്ഷേത്രമുടമസ്ഥൻ റാവ് ബഹദൂർ ഒ. എം. നാരായണൻ നമ്പൂതിരിപ്പാടവർകളുടെ സഹായസൌജന്യങ്ങളോടുകൂടി ഉത്സവസ്ഥലത്തെ പ്രധാനമായ ഒരു സ്ഥാനത്തു അതിഗംഭീരമായ ഒരു പന്തൽ കെട്ടുകയും, അതിനെ തോരണങ്ങൾ പോസ്റ്ററുകൾ മുതലായവകൊണ്ടു കമനീയമായി അലങ്കരിക്കുകയും ചെയ്തിരുന്നു. പന്തലിന്റെ ഒരു ഭാഗം പ്രത്യേകമായിതിരിച്ചു അതിൽ ഒരു മാതൃകാവായനശാലയും, ഇന്നത്തെ യുദ്ധത്തിൽ ഉപയോഗിക്കുന്ന വിവിധങ്ങളായ കപ്പലുകൾ, വിമാനങ്ങൾ, ടാങ്കുകൾ യന്ത്രീകൃതവാഹനങ്ങൾ മുതലായവയുടെ മാതൃകകൾ കാഴ്ചക്കു വെച്ച ഒരു പ്രദർശനവും ഏർപ്പെടുത്തിയിരുന്നു. ദിവസേന അനേകം ആളുകൾ ഈ വായനശാലയും പ്രദർശനസ്ഥലവും സന്ദർശിച്ചു വന്നു. സ്ത്രീകളും പുരുഷന്മാരുമായ ആബാലവൃദ്ധം പ്രേക്ഷകന്മാർക്കു പ്രദർശന വസ്തുക്കളെ സംബന്ധിച്ച വിവരം, അതിന്നായി പ്രത്യേകം നിയോഗിതനായിരുന്ന കോഴിക്കോട്ടു പ്രചാരകൻ ജനാബ് ആലിക്കുഞ്ഞി സാഹിബ് പറഞ്ഞുകൊടുത്തു.

ജനവരി 12-ാംനു- റാവ്ബഹദൂർ ഒ. എം. നാരായണൻ നമ്പൂതിരിപ്പാടവർകൾ പ്രചരണ കേന്ദ്രത്തിന്റെ ഉത്ഘാടന കർമ്മം നിർവ്വഹിച്ചു. വമ്പിച്ച ഒരു ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിലാണിതു് നിർവ്വഹിക്കപ്പെട്ടതു്. സമരമുന്നണിയുടെ വള്ളുവനാട്ടു താലൂക്കു ഓർഗനൈസർ ശ്രീ എം. എ. കുമാര പണിക്കർ, ബി.എ., ബി.എൽ., താലൂക്കു പ്രചാരകന്മാരായ ശ്രീ എം. രാമൻ നായർ, ജനാബ് കെ. കെ. മുഹമ്മദ് ഷാഫീ സാഹിബ് എന്നിവർ അന്നു സാരവത്തായ പ്രസംഗങ്ങൾ ചെയ്തു. സമര മുന്നണി ജില്ലാ ബാല്ലഡ് മാസ്റ്റർ ശ്രീ കെ. ആർ. കൃഷ്ണന്റെ സരസമധുരമായ പ്രാർത്ഥനാഗാനവും കോഴിക്കോട്ടു താലൂക്കു പ്രചാരകൻ ജനാബ് അലിക്കുഞ്ഞി സാഹിബിന്റെ മാജിക് ലാന്റേൺ പ്രദർശനവും അന്നത്തെ പ്രത്യേകമായ ആകർഷണ ഇനങ്ങളായിരുന്നു.

രണ്ടാം ദിവസം (ജനവരി 13-ാംനു) നടന്ന യോഗം ആദ്യത്തെ ദിവസത്തേതിനെക്കാൾ ഗംഭീരമായിരുന്നു. മൂവ്വായിരത്തിൽ പരം ജനങ്ങൾ സംബന്ധിച്ച ആ സദസ്സിൽ വള്ളുവനാട്ടു ഡിസ്ട്രിക്ട് മുൻസീഫ് ശ്രീ സി. ശങ്കരൻ നമ്പ്യാർ, എം.എ., ബി.എൽ., ആദ്ധ്യക്ഷം വഹിച്ചു. യുദ്ധത്തിന്റെ സ്ഥിതിയെ വിവരിക്കുകയും, ഈ യുദ്ധത്തിൽ ഇന്ത്യക്കാരുടെ കർത്തവ്യങ്ങളെ ഉത്ബോധിപ്പിക്കുകയും ചെയ്തുകൊണ്ടു അന്നത്തെ അദ്ധ്യക്ഷനും പെരിന്തൽമണ്ണ ഹൈസ്കൂൾ പണ്ഡിററ്, ശ്രീ പി. നാരായണ മേനോൻ, മലബാർ സമര മുന്നണി ജില്ലാ പ്രാസംഗികൻ ജനാബ് എം. വി. ആലിക്കോയ സാഹിബ്, ശ്രീ വി. രാഘവപ്പണിക്കർ എന്നീ മാന്യന്മാരും സാരവത്തായ പ്രസംഗം നടത്തി. അന്നത്തെ അദ്ധ്യക്ഷനാൽ വിരചിതവും യുദ്ധത്തെ സംബന്ധിച്ചു ശ്രോതാക്കളിൽ കർത്തവ്യബോധമുളവാക്കുന്നതുമായ "വീരകാഹളം" എന്ന കവിത ചൊല്ലിക്കൊണ്ടു ജില്ലാ ബാല്ലഡ് മാസ്റ്റർ ശ്രീ കെ. ആർ. കൃഷ്ണൻ സരസമായ ഒരു കഥാപ്രസംഗം നടത്തി. പ്രോപഗാണ്ടാവാൻ വഴിക്കു യുദ്ധപടങ്ങൾ പ്രദർശിപ്പിക്കുന്ന സിനിമയും അന്നുണ്ടായിരുന്നു.

ജനവരി 14-ാംനു-ത്തെ മഹായോഗം തലേന്നാളത്തേതിനേക്കാൾ വമ്പിച്ചതായിരുന്നു. ദേശീയ സമര മുന്നണി പ്രചരണ കേന്ദ്രത്തിന്റെയും സിനിമാപ്രദർശനത്തിന്റെയും വിവരം കണ്ണാകർണ്ണികാ അറിഞ്ഞു അസംഖ്യം ആളുകൾ പള്ളിക്കുറുപ്പിലേക്കു ആകർഷിക്കപ്പെട്ടു. ക്ഷേത്രമുടമസ്ഥന്റെ വകയായുണ്ടായിരുന്ന കഥകളി, ചാക്യാർ കൂത്തു, ഓട്ടം തുള്ളൽ മുതലായവയും അസാധാരണമായ നിലയിൽ പള്ളിക്കുറുപ്പിലേക്കുണ്ടായ ജനപ്രവാഹത്തിന്നു കാരണമായിരുന്നു. മലപ്പുറം റവന്യൂ ഡിവിഷനൽ ആഫീസ്സർ മിസ്റ്റർ ജെ. പി. എൻ. ഗപിൻ, ഐ.സി.എസ്സ്., അന്നത്തെ യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചു. അദ്ധ്യക്ഷനെയും ഡിസ്ട്രിക്ട് ഓർഗനൈസർ റാവ് ബഹദൂർ എം. കുഞ്ഞിരാമൻ നായർ അവർകളേയും റാവ്ബഹദൂർ ഒ. എം. നാരായണൻ നമ്പൂതിരിപ്പാടവർകൾ പൂമാലകളണിയിച്ചു. താലൂക്കു ഓർഗനൈസർ ശ്രീ എം. എ. കുമാരപണിക്കർ സ്വാഗതപ്രസംഗം ചെയ്തു. ശ്രീ വി. രാഘവ പണിക്കരും സമര മുന്നണി ജില്ലാ പ്രാസംഗികന്മാരായ മെസ്സേർസ് എം. വി. ആലിക്കോയ സാഹിബ്, എം അശോകൻ എന്നിവരും അർത്ഥവത്തായ പ്രസംഗങ്ങൾ ചെയ്തു. അദ്ധ്യക്ഷന്റെ ഇംഗ്ലീഷ് പ്രസംഗങ്ങളെ സമര മുന്നണി താലൂക്കു പ്രചാരകൻ ജനാബ് മുഹമ്മദ് ഷാഫീ സാഹെബ് മലയാളത്തിൽ പരിഭാഷപ്പെടുത്തി. ജില്ലാ ബാല്ലഡ് മാസ്റ്റർ ശ്രീ കെ. ആർ. കൃഷ്ണന്റെ വക സന്ദർഭോചിതയ കഥാപ്രസംഗവും സിനിമാപ്രദർശനവും അന്നും ഉണ്ടായിരുന്നു.

പാലക്കാട്ടെ ഒരഭിഭാഷകനായ ശ്രീ കെ. എസ്സ്. രാമകൃഷ്ണയ്യർ, ബി.എ., ബി.എൽ., ആയിരുന്നു 15-ാംനു-ത്തെ മഹാമഹത്തിൽ ആദ്ധ്യക്ഷം വഹിച്ചതു്. മെസ്സേർസ് എം. വി. ആലിക്കോയ സാഹിബ്, എം. അശോകൻ, മുഹമ്മദ്ഷാഫീ സാഹിബ് എന്നിവർ പട്ടാളത്തിൽ ചേരേണ്ടതിന്റെ ആവശ്യകത, രാജ്യരക്ഷാകടപത്രം വാങ്ങുന്നതിന്റെ പ്രാധാന്യം, ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ മുഖ്യത തുടങ്ങി നാനാവിഷയങ്ങളെ പരാമർശിച്ച അർത്ഥഗംഭീരവും ഉൽബോധജനകവുമായ പ്രസംഗങ്ങൾ നടത്തി. ശ്രീ കെ. ആർ. കൃഷ്ണന്റെ കഥാപ്രസംഗത്തിന്നു പുറമെ അന്നു ശ്രീ കുട്ടമത്തു നാരായണക്കുറുപ്പിന്റെവക "ഹിററ്ലർ വധം—കഥകളി" വായനയും സിനിമാ പ്രദർശനവും ഉണ്ടായിരുന്നു.

ജനവരി 16-ാംനു- ഒടുവിലത്തെ ദിവസമായിരുന്നു. ശ്രീ എം. എ. കുമാര പണിക്കർ, ബി.എ., ബി.എൽ., അന്നു ആദ്ധ്യക്ഷം വഹിച്ചു. മലബാർ ക്രിസ്ത്യൻ കോളേജിലെ മലയാളം പണ്ഡിററ് ശ്രീ സൂര്യനെഴുത്തച്ഛൻ, മെസ്സേർസ് എം. അശോകൻ, ആലിക്കോയ സാഹിബ്, മുഹമ്മദ്ഷാഫീ, എം. രാമൻ നായർ മുതലായവരുടെ നാനാ വിഷയങ്ങളെ അധികരിച്ചുള്ള പ്രസംഗങ്ങളും ബാല്ലഡ് മാസ്റ്ററുടെ "കഥാപ്രസംഗ"വും ശ്രീ കുട്ടമത്തു നാരായണക്കുറുപ്പിന്റെ "ബാലഗോപാലം" കഥകളി വായനയും പുറമെ യുദ്ധപടങ്ങൾ കാണിക്കുന്ന മാജിക് ലാന്റേൺ പ്രദർശനവും അന്നുമുണ്ടായി.

ആകക്കൂടി പറയുന്നതായാൽ പണ്ടുകാലത്തെ "മാമാങ്ക"ങ്ങളെ അനുസ്മരിപ്പിക്കുന്ന മഹാ മഹങ്ങളാണു പള്ളിക്കുറുപ്പിൽ ഇക്കൊല്ലത്തെ ഉത്സവകാലത്തു നടന്നതെന്നു പറയുന്നതു അതിശയോക്തിയാവുകയില്ല. ഒരു ദിവസത്തെ കഥകളി ജാപ്പാൻകാരുടെ ക്രൂരതയെ പ്രകടമാക്കുന്നതും, വള്ളത്തോൾ മഹാകവി എഴുതീട്ടുള്ള "അധഃപതനം" എന്ന കവിതയെ അനുകരിച്ചുള്ളതുമായ "ജാപ്പ് വധം" ആയിരുന്നു. പ്രസിദ്ധരായ വേഷക്കാർ തന്മയത്വത്തോടുകൂടി അഭിനയിച്ച ആ കഥകളിൽ ജാപ്പാൻകാരുടെ ക്രൌര്യത്തെ നല്ലപോലെ വെളിവാക്കിയിരുന്നു.

# 5,000 ക. ഇനാം

## ശത്രു ഏജൻറന്മാർ

1. ശത്രു ഏജൻറന്ന സംശയത്തിന്മേൽ ഒരാളെ ജീവനോടുകൂടി പൊതുജനങ്ങളിൽ ആരെങ്കിലും പിടിച്ചുകൊടുക്കുകയും പിന്നീട് ശത്രു ഏജൻറന്ന നിലയിൽ അയാളുടെ മേൽ കുററം സ്ഥാപിക്കുകയോ അല്ലെങ്കിൽ ശത്രുവിന്നു സഹായം നല്കുന്നതിൽ അയാൾ ഊർജ്ജിതമായി ഏർപ്പെട്ടിരിക്കുന്നുവെന്നു രാജ്യസംരക്ഷണാധികാരസ്ഥന്മാക്കു ബോദ്ധ്യമാംവണ്ണം തെളിയിക്കുകയോ ചെയ്കയും ചെയ്യുന്നതായാൽ, അങ്ങിനെയുള്ള ഏജൻറിനെ പിടിച്ചുകൊടുക്കുന്ന ഏതൊരാൾക്കും 5,000 ക. വരെ ഇന്ത്യാഗവമ്മെണ്ടു ഇനാം കൊടുക്കുന്നതാണ്.

2. അങ്ങിനെയുള്ള ഏതൊരു ഏജൻറിനേയും പിടിക്കുന്നതിന്നു ഉപകരിക്കുന്ന പ്രയോജനകരമായ വിവരം പൊതുജനങ്ങളിൽ ആരെങ്കിലും നല്കുന്നപക്ഷം, അങ്ങിനെ വിവരം നല്കുന്ന ഏതൊരാൾക്കും 1,000 ക. വരെ ഇനാം കൊടുക്കുന്നതാണ്.

3. അത്തരം ഏജൻറുമാരെ പിടിച്ചുകൊടുക്കുകയും അത്തരക്കാരെ പിടിക്കുന്നതിൽ പ്രയോജനപ്പെടാനിടയുള്ള വിവരം ശേഖരിക്കുകയും ചെയ്യുന്നതു് സംബന്ധിച്ചു്, താഴെ പറയുന്ന തരത്തിലുള്ള വിവരം കഴിയുന്നത്ര വേഗത്തിൽ റിപ്പോർട്ടു് ചെയ്യേണ്ടുന്ന ആവശ്യകതയിലേക്കു് പൊതുജനങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു :—

(I) കപ്പലുകളുടെ സംശയിക്കത്തക്ക നിലയിലുള്ള പോക്കുവരവിനെപ്പററി, പ്രത്യേകിച്ചു അവ കടൽതീരത്തിന്നു വളരെ അടുത്തുകൂടി പോകുമ്പോൾ അതിനെപ്പററി;

(II) ഇന്ത്യയുടെ കടൽതീരത്തിലോ മററു വല്ല സ്ഥലത്തോ ആയുധവും യൂനിഫോറവും ധരിച്ചായാലും അല്ലെങ്കിൽ മററു വിധത്തിലായാലും സംശയിക്കത്തക്കവിധത്തിൽ അന്യജനങ്ങൾ സംഘംചേർന്നു കാണുന്നതിനെപ്പററി;

(III) ഐക്യരാജ്യങ്ങളുടെതല്ലാത്ത വല്ല വിമാനവും കരക്കിറങ്ങുകയോ കടന്നുപോകുകയോ അല്ലെങ്കിൽ വിമാനത്തിൽനിന്നു് പാരക്കൂട്ടു് വഴിയായി ആളുകൾ താഴോട്ടിറങ്ങുകയോ എന്തെങ്കിലും സാധനങ്ങളെ താഴോട്ടിറക്കുകയോ ചെയ്യുന്നതിനെപ്പററി;

(IV) ശത്രുവിൻെറ പ്രവൎത്തനം കരവഴിക്കോ, കടൽവഴിക്കോ, ആകാശമാൎഗ്ഗമായോ സമീപസ്ഥലത്തു് നടക്കുന്നുണ്ടെന്നു് സൂചിപ്പിക്കുന്ന വല്ല സംഭവങ്ങളേയുംപററി.

4. ശത്രു ഏജൻറിനെ പിടിക്കുന്നതിന്നായി നല്കപ്പെടുന്ന വിവരം പ്രയോജനകരമായിരിക്കേണമെങ്കിൽ, ആ വിവരം കഴിയുന്നത്ര വേഗത്തിൽ അറിയിക്കണം.

5. ശത്രു ഏജൻറുമാരായ വല്ലവരേയും പിടിച്ചാൽ, കഴിയുന്നത്ര വേഗത്തിൽ അവരെ—

(I) നാട്ടുപുറങ്ങളിൽവെച്ചാണു് പിടിച്ചതെങ്കിൽ—അംശം അധികാരിയുടേയോ പോലീസ്സ് ഉദ്യോഗസ്ഥൻെറയോ അടുക്കലോ,

(II) പട്ടണങ്ങളിൽവെച്ചാണു് പിടിച്ചതെങ്കിൽ—ഏററവും അടുത്തുള്ള പോലീസ്സ് ഉദ്യോഗസ്ഥൻെറ അടുക്കലോ പോലീസ്സ് സ്റ്റേഷനിലോ,

ഏല്പിക്കുകയോ, അല്ലെങ്കിൽ അങ്ങിനെയുള്ളവരെപ്പററിയുള്ള വല്ല വിവരവും മേല്പറഞ്ഞ ഉദ്യോഗസ്ഥന്മാരെയോ പോലീസ്സ് സ്റ്റേഷനിലോ അറിയിക്കുകയോ വേണം. അംശം അധികാരിയും പോലീസ്സ് ഉദ്യോഗസ്ഥന്മാരും ആ വിവരം തൽക്ഷണം പോലീസ്സ് മേലധികാരസ്ഥന്നോ ഏററവുമടുത്തുള്ള പട്ടാളമേലധികാരത്തിലേക്കോ റിപ്പോർട്ടു് ചെയ്കയും വേണം.

6. ഇനാമിന്നുള്ള അപേക്ഷകൾ, സംഭവം നടന്ന തിയ്യതിയും സമയവും, സാക്ഷികളുടെ പേരുകളും, മേൽവിലാസങ്ങളും, മൊഴികളും സംബന്ധിച്ചുള്ള പൂൎണ്ണവിവരങ്ങൾ കാണിച്ചു്, തേച്ചു ചെയ്യുന്ന ആൾ എഴുത്തുമൂലം ഡിസ്ത്രിക്ടു് മജിസ്ത്രേട്ടിന്നോ ഡിസ്ത്രിക്ടിലെ കലക്ടൎക്കോ (നാട്ടുരാജ്യങ്ങളുടെ സംഗതിയിൽ, റെസിഡെണ്ടിന്നോ പൊളിററിക്കൽ ഏജൻറിന്നോ) അയക്കേണ്ടതാണ്.

7. പിടിച്ചുകൊടുക്കപ്പെട്ട ആളെ വിചാരണചെയ്തു കഴിഞ്ഞതിന്നുശേഷം കഴിയുന്നത്ര വേഗത്തിൽ സംബന്ധപ്പെട്ട ജില്ലയുടെ ചാൎജ്ജുള്ള മജിസ്ത്രേട്ടു്, വിചാരണ നടന്ന കോടതിയുടെ ശിപാൎശികളനുസരിച്ചു്, സാധാരണമായി ഇനാം കൊടുക്കുന്നതാണ്.

8. ഇനാം കൊടുക്കുന്നതു പട്ടാള അധികാരസ്ഥന്മാരുടേയും സിവിൽ അധികാരസ്ഥന്മാരുടേയും യുക്താനുസരണമായിരിക്കുന്നതും, ഇനാമിൻെറ സംഖ്യ ഓരോ വ്യക്തിയുടെയും സംഗതിയിൽ അയാൾ അറിയിച്ചുകൊടുക്കുന്ന വിവരം എത്രത്തോളം പ്രയോജനകരവും യഥാൎത്ഥവുമാണെന്നതിനനുസരിച്ചു് കണക്കാക്കുന്നതുമാണ്. ഏതെങ്കിലും ഒരാൾക്കു കൊടുക്കുന്ന ഇനാം 1-ാം പത്തിയിൽ പറഞ്ഞപ്രകാരം 5,000 ക. വരേയോ അല്ലെങ്കിൽ 2-ാം പത്തിയിൽ പറഞ്ഞപ്രകാരം 1,000 ക. വരേയോ ഉള്ള ഏതെങ്കിലും സംഖ്യ ആവാം.

9. ഇന്ത്യാഗവമ്മെണ്ടിൻെറ മുന്നനുവാദത്തോടുകൂടി അപൂൎവ്വം സംഗതികളിലൊഴികെ, കപ്പൽപടയിലും, കരസൈന്യത്തിലും, വ്യോമസൈന്യത്തിലുമുള്ള ഉദ്യോഗസ്ഥന്മാൎക്കോ ഗസററഡ് ഗവമ്മെണ്ടു് ഉദ്യോഗസ്ഥന്മാൎക്കോ ഇനാം കൊടുക്കുന്നതല്ല. എന്നാൽ സിവിൽ ഡിപ്പാൎട്ടുമെണ്ടുകളിലുള്ള നോൺ ഗസററഡ് ഗവമ്മെണ്ടു് ഉദ്യോഗസ്ഥന്മാർ ഇനാമിന്നു അൎഹരാണ്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.